E ൩൪൧

ശ്രീ വൈദിക സാഹിത്യം
(ആർഷിയ ചരിത്രം)

2359
E.389

ശ്രീമൂലഗ്രന്ഥാവലി നമ്പർ 1.

# ശ്രീ ചൈത്രബുദ്ധൻ

അഥവാ

# ആത്മീയചക്രവർത്തി.

ഗ്രന്ഥകർത്താ,

ഡാക്ടർ വി. വി. വേലുക്കുട്ടിഅരയൻ H. L. M. S.

ശ്രീരാമവിലാസം പ്രസ്സ്,


കൊല്ലം.

ഒന്നാംപതിപ്പ് കാപ്പി ൧൦൦.

*Price As. 12.*] [വില ണ 12.

1115.

READING ROOM ✱ MALAYANATTEL ✱



# മുഖവുര.

ഞാൻ ഈ കൃതി എഴുതാൻ ആരംഭിച്ചതു് 112 മേടം അവസാനത്തിലാണു്. ആയാണ്ടു് ഇടവത്തോടുകൂടി ഇതു പൂർത്തിയായി. 113 തുലാമാസത്തിൽ കരുനാഗപ്പള്ളിത്താലൂക്കിലെ അരയന്മാർ എല്ലാവരും യോജിച്ചു് ആലപ്പാട്ടു വച്ചു നടത്തിയ "ശ്രീ ചിത്രോത്സവവാര"ത്തിന്റെ അവസാനദിവസം നടന്ന മഹായോഗത്തിൽ ഈ കൃതി വായിക്കുവാൻ ഞാൻ നിർബന്ധിതനായി. അതിനുശേഷം പല രാജഭക്തന്മാരും ഇതിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ പ്രേരിപ്പിക്കയും ഇതിലെ "തിരുവവതാരം" എന്ന ഭാഗം "സചിവൻ" പത്രത്തിൽ പ്രസിദ്ധംചെയ്കയുമുണ്ടായി. പുസ്തകരൂപത്തിൽതന്നെ ഇതു കൈരളീസമക്ഷം സമർപ്പിക്കണമെന്നുള്ള മിത്രജനാഭിലാഷം ഇപ്പോൾ മാത്രമാണു് നിറവേറുന്നതു്.

ക്ഷേത്രപ്രവേശനവിളംബരംകൊണ്ടു വിശ്വവിഖ്യാതനായിത്തീർന്ന പൊന്നുതമ്പുരാൻ തിരുമനസ്സിലെ അപദാനങ്ങളെ വാക്കുകളാൽ വർണ്ണിക്കുകയെന്നുള്ളതു കേവലം അസാധ്യമാകുന്നു. അത്ര അത്യുന്നതാനുഗ്രഹം ലോകത്തിനരുളിയ തിരുമനസ്സിലെ നേക്കു എനിക്കുള്ള അചഞ്ചലവും അഭേദ്യവുമായ ഭക്തിപ്രകടനമാണു് ഈ ലഘുകാവ്യംകൊണ്ടു ഞാൻ സാധിച്ചിട്ടുള്ളതു്.

വഞ്ചിഭൂവാസികളുടെ അക്ഷയവരദാത്രിയായ അമ്മമഹാറാണിതിരുമനസ്സുകൊണ്ട് ഈദൃശമഹാനുഗ്രഹങ്ങൾക്കൊക്കെ ആദിമൂലമായി വിജയിച്ചരുളുന്നു. അവിടുത്തെ നേർക്കുള്ള ദൃഢഭക്തിയുടെ സ്മാരകമായി വി. വി. ബുക്കു് ഡിപ്പോ സമാരംഭിച്ചിരിക്കുന്ന "ശ്രീമൂലഗ്രന്ഥാവലി"യുടെ ഒന്നാംപുസ്തകമായിട്ടാണു് ഇതിനെ സഹൃദയസമക്ഷം അയച്ചുകൊള്ളുന്നതു്.

പ്രൌഢവും സരസവുമായ അവതാരികകൊണ്ടു്, ഈ കൃതിയെ പൊതുജനസമക്ഷം അവതരിപ്പിക്കയെന്ന കൃത്യം സദയം നിർവ്വഹിച്ച സംസ്കൃതവിദ്വാൻ, കണ്ണമ്പുഴ കൃഷ്ണവാര്യർ അവർകളോടു എനിക്കുള്ള ആധമർണ്യത്തെ സബഹുമാനം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പുസ്തകം എത്രയും ചുരുങ്ങിയകാലത്തിനുള്ളിൽ ഇത്ര ഭംഗിയായി മുദ്രണംചെയ്തുതന്നിട്ടുള്ള "ശ്രീരാമവിലാസം" മുദ്രാലയപ്രവർത്തകന്മാരോടു എനിക്കുള്ള കൃതജ്ഞതയും സസന്തോഷം പ്രകടിപ്പിച്ചുകൊള്ളുന്നു.

ചെറിയഴീക്കൽ,
15—10—115. } ഗ്രന്ഥകർത്താവു്.



ഇതിനൊക്കെയുമിന്നാദിമൂലമായ് സ്സൂതയായിതെ,
അമ്മറാണി, പ്രജാപുണ്യപൂരം മൂർത്തീകരിച്ച മാ!

Page 63.

# അവതാരിക

"ഹിന്ദുക്കളുടെ ഇന്നത്തേ മതം വേദങ്ങളിലുമില്ല പുരാണങ്ങളിലുമില്ല. ഭക്തിയിലുമില്ല മുക്തിയിലുമില്ല. മതം അടുക്കളപ്പാത്രങ്ങൾക്കുള്ളിൽ പ്രവേശിച്ചിരിക്കുന്നു. ഇന്നത്തേ ഹിന്ദുമതം ജ്ഞാനമാൎഗ്ഗവുമല്ല യുക്തിമാൎഗ്ഗവുമല്ല. 'അയിത്തം—തൊടരുത്.' അതാണ് ആ മതം. 'എന്നെ തൊടരുത്—എന്നെ തീണ്ടരുത്.' തിൻ അതിൻെറ വിവരണം. നിങ്ങളുടെ ജീവനെ ഈ അധൎമ്മത്തിൽ നഷ്ടപ്പെടുത്താതിരിക്കാൻ നോക്കിക്കൊള്ളുക."

(സ്വാമി വിവേകാനന്ദൻ)

സാഹിത്യം ജീവിതാദൎശത്തെ പ്രദൎശിപ്പിക്കുന്ന ഒരു കലയാകുന്നു. അതാതു ഭാഷ സംസാരിക്കുന്നവരുടെ മതത്തേയും ആചാരങ്ങളേയും വ്യാഖ്യാനിച്ച് അവയിലേ സാരാംശങ്ങളെ വെളിപ്പെടുത്തുകയാണ് അതിൻെറ ഒരു മുഖ്യമായ ധൎമ്മം. മതാചാരങ്ങളുടെ ഒരു സൂക്ഷ്മമായ പരിധിക്കകത്തെങ്കിലും രൂപവൽക്കരിക്കാത്തതായ മനുഷ്യജീവിതം മാന്യമാണെന്നു പറയാൻ ഞാനൊരുക്കമല്ല. എല്ലാററിലും എവിടേയും സ്വാതന്ത്ര്യം വേണമെന്നു വാദിക്കയും അതിനായി നിരന്തരം പരിശ്രമിക്കയും ചെയ്യുന്ന ചിലർ മതാചാരങ്ങളാകുന്ന ശൃംഖലയാൽ ബദ്ധരായി ജീവിക്കണമെന്നു പറഞ്ഞാലുണ്ടോ സമ്മതിക്കുന്നു. ചിലർ സ്വമതത്തെ പാടേ അപലപിച്ച് അതിൽനിന്നു് രക്ഷപെടാൻ വഴി തേടുന്നു. പക്ഷേ, ആ കൂട്ടൎക്ക് ഒരു മതവും വേണ്ടയെന്ന അഭിപ്രായം ഉള്ളതായി കാണുന്നില്ല. അതാതുകാലങ്ങളിലെ ജീവിതരീതിക്ക് ഏതും അനുഗുണമല്ലാതേയും കല

ഹകാരണമായുമുള്ള നിയമച്ചങ്ങലയാൽ കെട്ടപ്പെട്ടിരിക്കുന്ന മതാചാരങ്ങളെ പരിത്യജിക്കണമെന്നോ ആ പ്രതിഷേധം സൂചിപ്പിക്കുന്നുള്ളൂ. അതിനാൽ യഥാകാലം സുസംസ്കൃത മതത്തിൻെറ അനുഷ്ഠാനം തുലോം ആദരണീയംതന്നെയാകുന്നു.

ഒരു മതവും ലോകത്തിനു് ഒരുവിധത്തിലുള്ള ഉപദ്രവത്തേയും ഉദ്ദേശിക്കുന്നില്ല. അതു് ദൈവതത്ത്വത്തെ പ്രദശിപ്പിക്കാൻ ശ്രമിക്കുന്നു. മനുഷ്യരുടെ ആദിമദശ മൃഗാവസ്ഥയിൽനിന്നു് വളരെ വിഭിന്നമല്ലായിരുന്നുവല്ലോ. വിശേഷബുദ്ധിയുടെ വിലാസംകൊണ്ടും സ്വാഭാവികമായ മനനശീലംകൊണ്ടും ആ കിരാതജീവിതവൃത്തിയെ തരണം ചെയ്വാൻ മനുഷ്യനു് സാധിച്ചു. പരിഷ്കാരാവിർഭാവംവരേയും മിക്കവാറും ഒരേരീതിയിൽ കഴിഞ്ഞുകൂടിയിരുന്നിരിക്കാവുന്ന അവരുടെ ജീവിതചര്യ, പരിവത്തനത്തോടുകൂടി വ്യത്യസ്തമായിത്തുടങ്ങിയിരിക്കണം. സ്നാനാശനപാനാദികകളിലും ഗൃഹജീവിതത്തിലും വിശിഷ്യ ആരാധനാക്രമത്തിലും ഈ ഭേദം ക്ഷണേന കണ്ടുതുടങ്ങിയിരിക്കാം. അന്ധകാരത്തിൽനിന്നു് തങ്ങളെ രക്ഷിക്കുന്ന സൂര്യചന്ദ്രാഗ്നികളും ജീവനദാതാവായ വരുണനും പൂവ്വികന്മാക്കു് ദേവതകളും ആരാദ്ധ്യരുമായി. വേദങ്ങളിൽ ഈ ദേവതകൾക്കു് പ്രാമാണ്യം കല്പിച്ചിട്ടുള്ളതിൻെറ തത്വം ഇതാണല്ലോ. ഈ ദേവതകളുടെ ആരാധനാരീതിയിൽ പരിഷ്കാരോത്സുകന്മാരായ പുരാതനന്മാക്കു് പ്രബലങ്ങളായ മതഭേദങ്ങൾ സമുത്ഭവിച്ചിരിക്കണം. ഈ വ്യത്യസ്താഭിപ്രായങ്ങളായിരിക്കാം ഭിന്നമതങ്ങളുടെ പ്രഥമാങ്കുരങ്ങൾ. അവരവരുടെ യുക്തിക്കും സുഖത്തിനുമനുസരിച്ച ജീവിതരീതിതന്നെ മതബാഹുല്യത്തിൻെറ പ്രാഥമികരൂപങ്ങളെ സൃഷ്ടിച്ചു. വിജ്ഞാനംകൊണ്ടും വിചാരശീലംകൊണ്ടും വിശിഷ്ടന്മാരായ ഓരോരുത്തരുടേയും അഭിപ്രായഭേദങ്ങളാലും മററും കാലാന്തരത്തിൽ ഓരോ മതങ്ങൾതന്നെ ഉണ്ടാവുകയും അവയെല്ലാം

വിവിധങ്ങളായ നിയമാവലികളാൽ പ്രതിഷ്ഠാപിതങ്ങളാവു കയും ചെയ്തു. എന്നാൽ, ബുദ്ധിക്ക് വികാസം വന്നതോടു കൂടി ആദിമമനുഷ്യരുടെ ചിന്താഗതി ആദ്യമായി പതി ഞ്ഞതു് തങ്ങളുടെ ചുഴലവും കാണുന്ന പ്രകൃതിയുടെ വി ശേഷങ്ങളിലാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ത ങ്ങൾക്കു് ഉപകാരത്തെച്ചെയ്യുന്ന പ്രകൃതിഭാവങ്ങളെല്ലാം അ വരുടെ ദൃഷ്ടിയിൽ മാനനീയങ്ങളായിച്ചമഞ്ഞു. ഏതാണ്ടു് ഈ സമയംതന്നെ തങ്ങളുടെ പരിസരങ്ങളിൽ പ്രതിഭാ സിച്ച വിവിധ വിശേഷങ്ങളെല്ലാം ഏതോ ഒരു അ ദൃശ്യശക്തിയുടെ ആധേയങ്ങളാണെന്നും ആ ശക്തി ഏതായിരിക്കുമെന്നുമുള്ള ഗാഢാലോചന അവരുടെ ഹൃ ദയത്തെ വലയം ചെയ്തിരിക്കാം. ആ സർവ്വാന്തര്യാമി യായ ശക്തിതന്നെയാണു പിന്നീടവർക്കു് ഈശ്വരനും ഉ പാസ്യനുമായി പ്രത്യക്ഷപ്പെട്ടതു്. ദൈവത്തിൻെറ കളിക ണ്ടു് വിസ്മയഹർഷസമ്പൂർണ്ണമായ ആ ഭക്തഹൃദയം തുള്ളിക്ക ളിച്ചു. അതുമുതൽ പ്രാചീനന്മാരുടെ ഹൃദയം തത്വാന്വേ ഷണത്തിലേയ്ക്കായി തിരിയുകയും, അന്വേഷണരീതിയിൽ മതഭേദങ്ങൾ സമുല്പന്നങ്ങളാവുകയും ചെയ്തു. ആദ്യം ജീ വിതരീതിയിൽ മാത്രം സംസ്കാരോദ്യുക്തമായിരുന്ന അഭി പ്രായഭേദം ദൈവചിന്തയിൽ പെട്ടതോടുകൂടി പ്രബലമായി ത്തീൎന്നു. നാസ്തികരും ആസ്തികരും അപ്പോൾത്തന്നെ ഉണ്ടാ യി. ക്രമത്തിൽ നിരവധി ശാസ്ത്രങ്ങളും നിയമങ്ങളും നി ൎമ്മിതങ്ങളായി. ആചാരങ്ങളിലും വലിയ വലിയ ഭിന്നത കൾ വന്നുതുടങ്ങി. നാസ്തികന്മാരെയൊഴിച്ചു് മററു മതാരാ ധകന്മാരുടെയെല്ലാം യുക്തികളുടെ സാരം ഒന്നിനെപ്പററി മാത്രമാകുന്നു. ആ ഒന്നു് എവിടെയും എന്നും ഒരുപോലെ വിളങ്ങുന്ന ഒന്നായ ദൈവമാണു്. ആകയാൽ മതലക്ഷ്യം ഈശ്വരസാക്ഷാൽക്കരണമാണെന്നു് തെളിയുന്നു. വിശിഷ്യ മതങ്ങളിൽ നിൎവ്വചിക്കപ്പെട്ടിട്ടുള്ള ഉപദേശങ്ങളെല്ലാം ജീ വിതസംസ്കരണത്തെക്കുറിച്ചുള്ളവയുമാകുന്നു. പക്ഷേ, ആ

മാറ്റങ്ങൾ വിവിധങ്ങളായിരിക്കാം. ആ ഭേദത്തെ അടിപിടിക്കോ നിണച്ചാട്ടത്തിനോ കാരണമാക്കുന്നുവെങ്കിൽ, അതുകൊണ്ടു് മതം എങ്ങനെ നിഷിദ്ധമാകും? തനിക്കു് സമുന്നതിയും അന്യന്നു് അവനതിയും ഉണ്ടാകണമെന്ന ദുർബുദ്ധിയുടേയോ, മലീമസമായ മറേറതെങ്കിലും സ്വാത്ഥചിന്തയുടേയോ പ്രേരണകൊണ്ടു്, അന്ധങ്ങളായ പല അനാചാരപ്രമാണങ്ങളും എഴുതിയുണ്ടാക്കി അവയെ പുരാണങ്ങളുടേയും സ്മൃതികളുടേയും ഇടയിൽ കുത്തിത്തിരുകി പരിശുദ്ധമായ ഹിന്ദുമതത്തെ അലങ്കോലപ്പെടുത്തി അസമത്വം മുതലായ ദോഷങ്ങളെ വളർത്തി നാട്ടിൽ അനേക ശതാബ്ദങ്ങളായി 'തൊഴുത്തിൽകുത്തു്' പുലർത്തിയ ചില മനുഷ്യരുടെ മനോഭാവത്തെ എത്ര അപലപിച്ചാലും മതിയാകുന്നതല്ല. മനുഷ്യനെ മനുഷ്യനിൽ നിന്നു് അകററുന്ന ആ ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞാലേ ഹൈന്ദവജനതയിൽ സമാധാനവും സ്വാസ്ഥ്യതയുമുദിക്കൂ. സംശയമില്ല. ഒരേ ദൈവത്തിൻെറ തിരുനാമങ്ങളെ ജപിച്ചു് ഒരേ തരത്തിലാരാധിച്ചു് കഴിഞ്ഞുകൂടുന്ന മനുഷ്യരിൽ ചിലർ അസ്പൃശ്യരും അഗമ്യരും അദൃശ്യരുമൊക്കെയായിപ്പോയതു് എങ്ങനെയാണെന്നോ എതുകാലം മുതല്ക്കാണെന്നോ നിർണ്ണയിക്കാൻ നിവൃത്തിയില്ല. ശ്രീബുദ്ധൻ മുതലായി പല മഹാപുരുഷന്മാരും ആ കളങ്കങ്ങളെ തുടച്ചുകളഞ്ഞു് ലോകസംസ്കാരം ചെയ്യുവാൻ അശ്രാന്തപരിശ്രമം ചെയ്തുവെങ്കിലും മതാന്തരങ്ങളെ സൃഷ്ടിക്കാൻ മാത്രമേ ശക്തരായുള്ളു. മററു ചില മതങ്ങൾ രണ്ടുവശവും പാഞ്ഞുകയററി ഹിന്ദുമതത്തെ നാമാവശേഷമാക്കാനും ബദ്ധപ്പെടാതിരുന്നില്ല. ഭാരതീയനേതാക്കളുടെ ശ്രമവിശേഷത്താലും, ആത്മീയമായ പരിശുദ്ധതയാലും നമ്മുടെ മതത്തിനു് സർവ്വസ്വനാശം സമ്പന്നമായില്ലയെങ്കിലും അതിൻെറ ജീവരക്തം കണക്കിലധികം വാൎന്നുകഴിഞ്ഞുവെന്ന പരമാത്ഥത്തെ വിസ്മരിക്കുവാൻ മാർഗ്ഗമില്ല.

സനാതനമായ ഹിന്ദുമതത്തെ ആസന്നമായ നാശ

ത്തിൽ നിന്നും, ചിരന്തനമായ അവമാനത്തിൽനിന്നും സം രക്ഷിക്കാൻ ധമ്മരാജ്യത്തിൻെറ ഭാഗധേയപൂരമായ ശ്രീ ചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലേ സു ധീരങ്ങളായ തൃക്കൈക്കൾക്കു മാത്രമേ സാധിച്ചുള്ളൂ. അ തേ; ഏറെ നൂററാണ്ടുകളായി ഹൃദയം തെളിഞ്ഞ ഭാരതീയ നേതാക്കളുടെ ഏക വിചാരത്തിനു ലക്ഷ്യമായ ആ ധ മ്മസ്ഥാപനം സധൈയ്യം നിർവ്വഹിക്കാൻ നമ്മുടെ പൊന്നു തമ്പുരാനേ കഴിഞ്ഞുള്ളൂ. തിരുമനസ്സിലെ ചെങ്കോൽത്ത ണലിൽ ജീവിക്കാൻ സാധിച്ച നമ്മുടെ ഭാഗ്യമാണുഭാഗ്യം. അശോകചക്രവത്തിയുടെ സിംഹാസനത്തേക്കാൾ ബഹുമാ ന്യമായ ഒരു സിംഹാസനത്തിൽ വാണരുളുന്ന നമ്മുടെ പൊ ന്നുതമ്പുരാൻ ഭാരതഖണ്ഡത്തിലെയെന്നല്ല, ലോകത്തിലെ സവ്വനൃപേന്ദ്രരാലും ആരാദ്ധ്യനാകുന്നു. അവിടുന്ന് മതത്തി നും ഈശ്വരനും തമ്മിലുള്ള ബന്ധം സൂക്ഷ്മമായറിഞ്ഞു; ദൈവസാന്നിദ്ധ്യം മുഖേന മതത്തെ രക്ഷിച്ചു; മനുഷ്യരെ ര ക്ഷിച്ചു; അജ്ഞതയെ അടിച്ചുടച്ചു; അധമ്മസന്തതിയെ തു രത്തി. അങ്ങനെ തിരുമനസ്സുകൊണ്ടു് ഒരു ചിത്രയുഗത്തി ൻെറ സ്രഷ്ടാവായി. ലോകത്തിലേ ഏതു കുഗ്രാമങ്ങളിൽ പോലും തിരുമനസ്സിലേ കീത്തി, ഗാനവിഷയമായിത്തീന്നു. ലോകഗതിയെ പ്രത്യക്ഷത്തിൽ കണ്ടും, ഭാവനയിൽ അവ ലോകനംചെയ്തും ആനന്ദമനുഭവിക്കുന്ന കവികൾ തൽപര ങ്ങളായി വിവിധകൃതികൾ നിമ്മിച്ചു. സംസ്കാരസമ്പൂണ്ണ മായ ഒരു ജീവിതത്തെ നിരീക്ഷണം ചെയ്യുമ്പോഴുണ്ടോ ക വികളുടെ ഹൃദയം വികാരവിചാരബഹുളമാകാതിരിക്കുന്നു. ഒരു യഥാത്ഥകവിയും രാജഭക്താഗ്രണിയുമായ ഡാക്ടർ വി. വി. വേലുക്കുട്ടി അരയൻ കൈരളീഭക്തന്മാക്കു് തുലോം സുപരിചിതനാണു്. ക്ഷേത്രപ്രവേശനവിളംബരത്തിൻെറ വിജയധ്വനി മി: അരയൻെറ ഹൃദയത്തെ വികാരതരളിത മാക്കി. അതിൻെറ ഫലം ഇതാ സഹൃദയന്മാക്കു് അനുഭ വിക്കത്തക്കവിധം പരിപക്വമായിരിക്കുന്നു.

മുന്നൂററിഅൻപതിൽപരം പദ്യകുസുമങ്ങൾ മൂന്നു സർഗ്ഗങ്ങളിലായി സംഗ്രഹിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കാവ്യം വിഷയത്തിൻെറ ഗൌരവംകൊണ്ടും പ്രതിപാദനാഭംഗി കൊണ്ടും, ഭാഷാശുദ്ധികൊണ്ടും ചേതോഹരമായിട്ടുണ്ടെന്നു് ഒരൊററ വായനയിൽത്തന്നെ ആക്കും ഗ്രഹിക്കുവാൻ കഴിയുന്നതാണു്. ഏക സമുദായമായി കഴിഞ്ഞുകൂടിയിരുന്ന ഹിന്ദുക്കൾക്കു് 'അസ്പൃശ്യശാപം' എങ്ങുനിന്നോ ഏല്ക്കാനിടയായെന്നും, അതുമുതലവർ ഒററയൊററയായി തിരിഞ്ഞുപോയെന്നും ഉള്ള വസ്തുനിർദ്ദേശരൂപേണ കവി കാവ്യമാരംഭിക്കുന്നു. ആ കഠോരശാപത്തിനു വിധേയരായ ഹിന്ദുക്കൾ ഏറിയകാലമായി അനുഭവിച്ചുപോരുന്ന ദുരന്തദുരിതങ്ങളെ ഹൃദയസ്പൃക്കാംവിധം മി: അരയൻ വർണ്ണിച്ചിട്ടുണ്ടു്. ലോകസംസ്കാരത്തിനായവതരിച്ച ശ്രീ ബുദ്ധഭഗവാൻ, "ജാതിഭേദങ്ങളും നീചമശുദ്ധാശുദ്ധചിന്തയും" കണ്ടു് "മാനവലോകത്തിൻ കേടി"തൊക്കെയാണെന്നറിഞ്ഞു്,

"നരനേ നരനോടെന്ന-
ല്ലുണ്ട ജീവിയൊടും മുനി
കൃപാമന്ത്രത്തിനാൽ ത്തമ്മി-
ലടുപ്പിക്കാൻ ശ്രമിച്ചു"തുടങ്ങി. അനേകവർഷങ്ങളും ജീവിതവും അദ്ദേഹവും അതിനായിത്തന്നെ ചിലവഴിച്ചു. പക്ഷേ, അസ്പൃശ്യശാപം നീങ്ങുകയോ സമബുദ്ധിവരികയോ അതുകൊണ്ടുണ്ടായില്ലെന്നു് കവി മനസ്താപപ്പെടുന്നു. അനന്തരം ശ്രീ ബുദ്ധഭഗവാൻെറ സമാനകാലീനനായ വദ്ധമാനമഹാവീരൻ,

"ജാതി ഭേദങ്ങൾ മാററിടിൻ!
സമത്വത്തെ വരിക്കുവിൻ!
സാഹോദര്യത്തിലാത്മാവി-
ന്നൈക്യത്തെക്കണ്ടുകൊള്ളുവിൻ."!

എന്നെല്ലാം നാട്ടനീളെ പ്രസംഗിച്ചുനടക്കുകയും പല ക്ലേശ ങ്ങളനുഭവിക്കുകയും ചെയ്തു. അസംഖ്യമനുഗാമികൾ അദ്ദേ ഹത്തിനുമുണ്ടായി. എന്നാൽ അതുകൊണ്ടെല്ലാം നിർഗ്ര ന്ഥമതം അല്ലെങ്കിൽ ജൈനമതം എന്നൊരു പുതിയ മതം സ്ഥാപിതമായെന്നല്ലാതെ തീണ്ടലിനെ മാററാനോ, ഐക്യം സമ്പാദിക്കാനോ കഴിഞ്ഞില്ല. മഹാത്മാവായ അശോകചക്രവത്തി ബൌദ്ധാദശത്തെ സ്ഥാപിച്ച് ജാതി പീഢ നിരോധിക്കുന്നതിനായി രാജകീയമായ ഒരു വിളം ബരം തന്നെ പ്രസിദ്ധംചെയ്ത് ലോകൈക്യപ്രതിഷ്ഠയ്ക്കായി പ്രയത്നിച്ചു. അദ്ദേഹത്താൽ നിയമിതരായ മതപ്രചാരക ന്മാർ "ജാത്യുദ്ധ്നഹതി"ക്കും ബുദ്ധമതപ്രചരണത്തിനുമായി വളരെ പണിപ്പെട്ടു. ഇതാ അനന്തരം കവി ഖേദിക്കുന്നതു നോക്കുക:—

"എന്നിട്ടും തീണ്ടൽ തീൎന്നില
വന്നില സമബുദ്ധിയും
നരൻെറ തലതാങ്ങുന്നോ-
രവിവേകിത നോക്കുക."

രാമാനുജാചാൎയ്യർ സൎവ്വജ്ഞപീഠാരൂഢനായ ശ്രീ ശങ്ക രാചാൎയ്യസ്വാമികൾ, ആൎയ്യദശോദ്ധാരകനായ ദയാനന്ദസര സ്വതി, ബ്രഹ്മസമാജപ്രവത്തകനായ രാജാറാം മോഹൻ, സ്വാമി വിവേകാനന്ദൻ, മഹാത്മജി എന്നിവരുടെ സുദൃഢ ങ്ങളായ കമ്മങ്ങളേയും സുവിസ്തൃതവും സുവിശദവുമായി ഇതിൽ വൎണ്ണിച്ചിട്ടുണ്ട്. എന്നാൽ, ലോകപ്രസിദ്ധരായ ആ മഹാത്മാക്കളുടെ നിശിതബുദ്ധിക്കോ, മന്ത്രശക്തിക്കോ, തീവ്രയത്നങ്ങൾക്കോ അസ്പൃശ്യതാപരിഹാരം സമ്പാദി ക്കാൻ സാദ്ധ്യമായില്ല. അഹോ! ദുഷ്ടതയുടെ ബലം. അന്ധ തയുടെ പാരമ്യം.

ലോകരുടെ മുഖ്യചിന്തയ്ക്കു ലക്ഷ്യമായ പ്രസ്തുത പ്രമേയം മേൽപറഞ്ഞവിധം അസാദ്ധ്യമല്ലെങ്കിൽ സുഖസാദ്ധ്യമല്ലാതെ, അടിക്കടി പല കലാപങ്ങൾക്കും, അസമാധാനത്തിനും അടിസ്ഥാനമായിരിക്കുന്ന ഒരു സന്ദർഭത്തിലാണു്,

"എപ്പോൾ ധർമ്മം തളർന്നീടു-
മധർമ്മം തലപൊക്കിടും
അപ്പോളവതരിക്കും ഞാ-
നെന്നോതി ഭഗവാൻ പുരാ"

അതേ, ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലേ തിരുവവതാരം. ജാതിരാക്ഷസവിദ്ധ്വംസനത്തിനായി ഭൂദേവിയുടെ അർത്ഥനയനുസരിച്ചു് ശ്രീപത്മനാഭസ്വാമിതന്നെ പരിവാരസമേതം ധർമ്മരാജ്യത്തിൽ ശ്രീ ചൈത്രബുദ്ധനായി അവതരിച്ചിരിക്കുന്നുവെന്നു് സരസവും സാരഗർഭവുമായവിധം കവി ഉല്ലേഖിച്ചിരിക്കുന്നതു് നാട്ടുകാരനായ ഏതൊരുവൻെറ ശരീരത്തിൽ പുളകപ്രസരമുണ്ടാക്കുകയില്ല. ക്ഷേത്രപ്രവേശനാനുവാദമാണു് ഹിന്ദുസമുദായത്തിൻെറ സംഘടനയ്ക്കും രാജ്യശ്രേയസ്സിനും പ്രധാനമായ സാധകമെന്ന തത്ത്വം അതിബാല്യത്തിൽത്തന്നെ തിരുമനസ്സിലേ കുശാഗ്രബുദ്ധിയിൽ പതിഞ്ഞിരുന്നതായി ഭാവനാനിപുണനായ കവി കാണുന്നു. ആ ഭാവന എങ്ങനെ പരമാർത്ഥചുംബിതമല്ലാതാകുന്നു; അല്ലെങ്കിലുണ്ടോ തിരുമൂപ്പേററ ആ യൌവനാരംഭത്തിൽത്തന്നേ അങ്ങനെയൊരു വിളംബരംകൊണ്ടു് വിശ്വവിജയംനേടാൻ തിരുമനസ്സുകൊണ്ടു് സന്നദ്ധനാകുന്നു. പ്രജാരഞ്ജനതല്പരനായ മഹാരാജാവുതിരുമനസ്സുകൊണ്ടു്, ബാല്യത്തിലേ തന്നെ തിരുവുള്ളത്തിലേററിയ ഒരു നിനവായിരുന്നുവെങ്കിലും ഒരു കമ്മിററിവഴിയായി നാട്ടുകാരുടെ മതമാരാഞ്ഞറിഞ്ഞുമാത്രമേ പ്രസ്തുത വിളംബരം പ്രസിദ്ധപ്പെട്ടു

ത്തുകയുണ്ടായുള്ളൂ. തിരുമനസ്സിലെ ദാക്ഷിണ്യബുദ്ധിയെ സവിശേഷം പ്രകാശിപ്പിക്കുന്ന പ്രസ്തുത ഭാഗത്തേ സവിസ്തരം പ്രതിപാദിച്ച മി: അരയൻ ശ്ലാഘിച്ചും അഭിനന്ദനാർഹനാകുന്നു. ഈ സന്ദർഭത്തിൽ "അധഃകൃതരാ"യി ഗണിക്കപ്പെട്ടിരുന്ന ബഹുസമുദായങ്ങളുടെ ഉച്ചസ്ഥിതിയും അവരിലോരോ വർഗ്ഗക്കാരിൽനിന്നും നാട്ടിനും നാട്ടാർക്കും ഉണ്ടായിട്ടുള്ള പേരും പെരുമയും കവി വിവരിച്ചിട്ടുള്ളതു് അവസരസമുചിതവും വിചാരസുന്ദരവുമായിട്ടുണ്ടു്. രസപൂർണ്ണങ്ങളും യുക്തിസംഗതങ്ങളുമായ പല പദ്യങ്ങളും ആ ഭാഗത്തുനിന്നു സമുദ്ധരിക്കാനുണ്ടെങ്കിലും വിസ്തരഭീരുവായ ഞാനതിനു ദ്യമിക്കുന്നില്ല.

സർവ്വഥാ ലോകരുടെ പരമാനന്ദത്തിനും, പരമാഭിനന്ദനത്തിനും ഹേതുഭൂതമായ ആ പുണ്യദിനം ആസന്നമായി. അഖിലേന്ത്യാ പ്രദർശനശാല മുതലായി അഭൂതപൂർവ്വങ്ങളായ പല വിശേഷദൃശ്യങ്ങളും രാജധാനിയിൽ സന്നദ്ധങ്ങളായി. ആനന്ദത്തിൻെറ വിവിധരൂപങ്ങൾ സർവ്വത്ര വിളങ്ങി. നാടൊട്ടുക്കുതന്നെ തിരുനാളാഘോഷത്തിൻെറ മേളക്കൊഴുപ്പു തിളങ്ങി. അരയനവർകളുടെ നിരീക്ഷണശക്തിയെ കാണിക്കുന്ന ചില പദ്യങ്ങളിതാ:—

"എഴുന്നള്ളത്തു പാടങ്ങൾ  
തന്നിലൂടെ കടക്കവേ,  
കതിർക്കുലകളാൽ നീളെ-  
പ്പറവെച്ചന്നപൂർണ്ണയാം.

വാദ്യം മുഴങ്ങാത്ത വായു-  
മണ്ഡലം വഞ്ചിഭൂമിയിൽ  
ഇല്ലായിരുന്നന്നു നൂനം  
വെടികേൾക്കാത്ത കർണ്ണവും.

അകാലപുഷ്പിത ക്കൊച്ചു-
വാകവൃക്ഷപ്രതീതിയെ
വിതിത്ത് പട്ടുക്കടക-
ളുദിപ്പിക്കാത്ത നേത്രവും

മൃഷ്ടാന്നഭോജനംകൊണ്ടു
തുഷ്ടനാകാത്ത ഭിക്ഷുവും
നാട്ടിലന്നങ്ങൊരേടത്തും
തിട്ടമില്ലായിരുന്നുതേ."

"മതാത്മാവായ തമ്പുരാൻ" വിളംബരമാകുന്ന പ്രവാഹത്തിൽ "പ്രജാളിയെ ഒഴുക്കി ഒരുമിച്ചാക്കിയ"തു് ചിന്താമധുരമാണു്. അനന്തരം വിളംബരമാഹാത്മ്യം, തത്സംബന്ധമായി വിവിധരാജ്യങ്ങളിൽനിന്നു വന്ന അഭിനന്ദനങ്ങൾ, സ്മാരകങ്ങൾ എന്നിവയോരോന്നും രസികാസ്വാദ്യമായി വിവരിച്ചു് നായകമംഗളപ്രാർത്ഥനയോടുകൂടി കവി വിരമിക്കുന്നു.

നിർദ്ദോഷവും രമണീയവുമായ അലങ്കാരപ്രയോഗം, ആകർഷണീയമായ അർത്ഥഭംഗി, അക്ലിഷ്ടമായ പദഘടന, ഔചിത്യമധുരമായ വർണ്ണന എന്നിവകൊണ്ടു് ഈ രാജകാവ്യം സഹൃദയശ്ലാഘയ്ക്കു് സർവ്വഥാ സമർഹമാണെന്നാണു് എൻെറ വിനീതമായ അഭിപ്രായം. മി: അരയൻ തെററിദ്ധരിക്കയില്ലെങ്കിൽ, ഇതിലെ ഓരോ പദ്യവും വായിച്ചപ്പോൾ ഒരു പുരാണപാരായണസുഖാനുഭൂതി എനിക്കുണ്ടായിട്ടുണ്ടെന്ന പരമാർത്ഥത്തെ ഞാൻ തുറന്നുപറഞ്ഞുകൊള്ളുന്നു.

ആകെക്കൂടി പറയുമ്പോൾ ഈ സൽക്കാവ്യത്തിൻെറ പ്രസിദ്ധീകരണത്തിൽ ഒരൊററ അനൌചിത്യം മാത്രമേ

മി: അരയൻ കാണിച്ചിട്ടുള്ളു. അതു് തീരെ അക്ഷന്തവ്യവുമാകുന്നു. ഭാഷാസാഹിത്യത്തിൽ സുവിദിതനും കൃതഹസ്തനുമായ മി: അരയൻ തൻെറ സമുൽകൃഷ്ടമായ ഒരു കാവ്യത്തെ അവതരിപ്പിക്കാൻ അപക്വമതിയായ ഈയുള്ളവനെ തിരഞ്ഞുപിടിച്ചു. ഏതായാലും സഹൃദയരോടു് ക്ഷമാപണം ചെയ്തുകൊണ്ടു് ഞാനിതാ,

ശ്രീ ചൈത്രകക്ഷിതിപ സച്ചരിതാഭിരാമ-
മേതദ്രസോജ്ജ്വലമുദാര പദാൎത്ഥരമ്യം
കാവ്യം കൃതാഞ്ജലിരയം മഹതാം സമക്ഷ-
മാനന്ദസാരമയധീരവതാരയാമി.

സംസ്കൃതവിദ്വാൻ, കണ്ണന്നൂഴ, എസ്സ്. കൃഷ്ണവാരിയർ.

(Sanskrit Tutor, To H. H. The Elaya Raja.)

Trivandrum,
31 ചിങ്ങം 115



വിളംബരവിധിക്കാര്യമന്ത്രിധർമ്മം വഹിക്കയാൽ
സചിവോത്തമനാം രാമസ്വാമിവിപ്രേശനും സ്തുതൻ!

Page 63.

2359
ഗ്രന്ഥശാല

# ശ്രീചൈത്രബുദ്ധൻ

അഥവാ

# ആത്മീയചക്രവർത്തി.

## പ്രഥമസർഗ്ഗം.

### അസ്പൃശ്യശാപം.

അസ്പൃശ്യശാപമാരോ പ-
ണ്ടർപ്പിച്ചു,ന്നാൾ തുടങ്ങി ഹാ!
അനേകകോടി ഹിന്ദുക്ക-
ളകന്നകലെയായിതേ. ൧

അവർക്കു പേര“നാര്യന്മാർ”
“അധഃകൃത”രിതായിതേ;
അവർ പിന്നെയറിഞ്ഞീല
സമത്വത്തിൻെറ മാധുരി. ൨

ഭാരതോർവ്വിയിലീ ശാപ-
ഭാരം താങ്ങിത്തളർന്നവർ
അസ്വതന്ത്രർ നയിച്ചേറെ-
ശ്ശതവർഷങ്ങളും സാകുലം. ൩

മനുവിൻമക്കളാണോർത്താൽ
മനുജന്മാരശേഷരും;
മറന്നുപോ,യീച്ചരിത്രം
മറയോർപോലുമത്ഭുതം! ൪

മതത്തിൻപേരിലെന്തെല്ലാം
മനുജാർത്തനശാസനം
നടപ്പിലാക്കിയെന്നോർക്കെ
നടുങ്ങുന്നെന്റെ മാനസം. ൫

അസ്പൃശ്യന്മാ,രഗമ്യന്മാ-
രദൃശ്യന്മാരിതേവിധം
ഒരമ്മമക്കൾതാൻ ജാതി-
പിരിഞ്ഞകലെയായിതേ! ൬

മതത്തിനായ് — ഈശ്വരന്നായ് —
മർത്ത്യൻ മർത്ത്യന്നു വർജ്ജ്യനായ്!
ഈയനാചാരദുർഗ്ഗത്തെ-
ക്കാത്തു ശാസ്ത്രക്കിടങ്ങുകൾ. ൭

നരവംശശരീരത്തെ
നുറുക്കിപ്പലഭാഗമായ്
അയിത്തരാക്ഷസൻ കഷ്ടം!
ഭുജിച്ചാനന്ദമഗ്നനായ്. ൮

സമസ്തസൃഷ്ടസ്നേഹരക്തം
സർവ്വമൂററിക്കുടിച്ചിവൻ,
മരവിപ്പിച്ചാഢ്യരെപ്പാഴ്-
ക്കോമരക്കൂട്ടമാക്കിനാൻ. ൯

ഘോരനീരാക്ഷസൻതന്റെ-
ഭാരം താങ്ങാനശക്തയായ്
ഭാരതക്ഷ്മാദേവി കേണ-
ന്നാരാഞ്ഞാളാത്മരക്ഷണം. ൧൦

---

## ബു ദ്ധ ൻ.

ശുദ്ധോദനക്ഷ്മാകാന്തൻ തൻ-
പുത്രനായ് ജാതനായൊരാൾ
സിദ്ധാർത്ഥനെന്നപേരോടെ-
യന്നാൾ കപില വാസ്തുവിൽ. ൧൧

ആ കുമാരാവതാരത്താ-
ലാനന്ദിച്ചു ധരിത്രിയാൾ;
അവൾതൻ നെടുനിശ്വാസം-
വഴി താപം വഴിഞ്ഞുപോയ്. ൧൨

അജ്ഞാന ഭയ ദാരിദ്ര്യ-
ദുഃഖരോഗങ്ങളാമഹാൻ,
നരസംഹതിയിൽ കണ്ടു
തിരഞ്ഞാനതിനൌഷധം. ൧൩

ജാതിഭേദങ്ങളും, നിച-
മശുദ്ധാ ശുദ്ധ ചിന്തയും
കണ്ടാൻ മാനവലോകത്തിൻ-
കേടിനൊക്കെ നിമിത്തമായ്. ൧൪

ചെങ്കോലും, മുടിയും ദൂരെ-
ക്കൈവെടിഞ്ഞു കുമാരകൻ
രാജ്യവും, രാജപദവും
ത്യാജ്യകോടിയിലെണ്ണിനാൻ. ൧൫

പിന്നെയേകാകിയായ് രാജ-
ധാനിവിട്ടു കുമാരകൻ
തിരഞ്ഞു സത്യം മർത്ത്യക്കു
നിത്യനിർവ്വാണദം ചിരാൽ. ൧൬

ചണ്ഡാലനും ചതുർവ്വേദ-
ചതുരൻ ദ്വിജനും സമർ
തഥ്യചർച്ചയിലെന്നോർത്തു
തഥാഗത മഹാമുനി. ൧൭

"സ്നേഹം ജീവികൾക്കുതൻ പ്രാണൻ
സ്നേഹവ്യാഹതി മൃത്യുതാൻ"
ഇത്ഥം ബോധിച്ചു സിദ്ധാർത്ഥ-
ബുദ്ധൻ പ്രേമസ്വരൂപകൻ. ൧൮

ശ്വപചൻ, ക്ഷത്രിയൻ, വൈശ്യൻ,
ദ്വിജനിത്യാദി ജാതിയാൽ
അതിരിട്ട നൃലോകത്തെ-
യുന്നി, യൊന്നാക്കുവാൻ മുനി. ൧൯

ജാതിയില്ലാത്തതായ് സംഘ,-
മാരാമ മധിവാസമായ്,
സ്നേഹമോതുന്നതായ് വേദ,-
മിവ നിർമ്മിച്ചിതിന്നവൻ. ൨൦

നരന്നേ നരനോടെന്നാ-
ല്ലണഞ്ജീവിയൊട്ടും മുനി,
കൃപാ മന്ത്രത്തിനാൽ തമ്മി-
ലടുപ്പിക്കാൻ ശ്രമിച്ചഹോ! ൨൧

“ഏകജാതി നരക്കൊക്കെ;—
യേകാത്മാ സകലത്തിനും;
സമഭാവന നിവ്വാണം;”
പഠിപ്പിച്ചാനിതാമുനി. ൨൨

ജാതിശൃംഖലതന്നഗ്രം-
രണ്ടുമൊന്നിച്ചു ചേക്കവാൻ,
തപസ്സും ത്യാഗവുംകൊണ്ടു-
തടസ്സങ്ങൾ ജയിച്ചവൻ ൨൩

വാദത്തിൽ ജാതിരക്ഷസ്സെ-
സ്സാദിപ്പിച്ചുകൃപാനിധി;
ചണ്ഡാലി സംഘാരാമത്തി-
ലന്തഃപുരവധൂടിയായ്. (യുഗ്മം) ൨൪

എന്നിട്ടും തീണ്ടൽ തീന്നില,
വന്നില സമബുദ്ധിയും;
ഭിന്നരായ് ബൌദ്ധരും; ശീഷ്-
മുന്നമിപ്പിച്ചു “ജാതിത.” ൨൫

## വദ്ധമാനമഹാവീരൻ.

അക്കാലത്തു സമത്വങ്ങ-
ളൊക്കെപ്പാത്തു, സുഖാകുലൻ,
വദ്ധമാന മഹാവീരൻ,
വൈശാലീന്ദ്രകുമാരകൻ, ൨൬

വെറുത്തു രാജകീയങ്ങൾ-
വെറും പാഴാം സുഖങ്ങളായ്
ശ്രീബുദ്ധ സമകാലീനൻ
നാല്പതാണ്ടു തപസ്വിയായ്. (യുഗ്മം) ൨൭

"സാഹോദര്യം പുലർത്തീടി-
ലതുതാൻ മോക്ഷസാധകം"
എന്നു ബോധിച്ചവൻ, പിന്നെ-
ജ്ജനസേവ തുടങ്ങിനാൻ. ൨൮

"എല്ലാ പ്രാണികളും തമ്മി-
ലൊന്നായ് ഭാവിച്ചുകൊള്ളുവിൻ!
തമ്മിൽ സ്നേഹിപ്പി"നെന്നോതി-
യമ്മഹാൻ നാട്ടുനീളവേ. ൨൯

"ജാതിഭേദങ്ങൾ മാററീടിൻ!
സമത്വത്തെ വരിക്കുവിൻ!
സാഹോദര്യത്തിലാത്മാവി-
നൈക്യത്തെക്കണ്ടുകൊള്ളുവിൻ!" ൩൦

സർവ്വശാസ്ത്രമഹാസാര-
മിതു സർവ്വത്ര സർവ്വദാ,
മഹാവീരൻ പ്രസംഗിച്ചു
മതം മാററി ജനങ്ങളെ. (യുഗ്മം) ൩൧

അത്തിവൃന്ദമസംഖ്യംപേർ
അനുഗന്മാർ ഭവിച്ചുതെ;
ചണ്ഡാലരും ദ്വിജന്മാരു-
മാ സംഘത്തിലമർന്നുപോൽ! ൩൨

"നിർഗ്രന്ഥ"രെന്നവർക്കിട്ടു
നാമം നാഥൻ മഹായതി;
അവർതൻ സംഘസംവ്യാപ്തി
നാടൊട്ടുക്കു വളർന്നുതെ. ൩൩

"നിർഗ്രന്ഥമത"—മല്ലെങ്കിൽ
മഹാവീരമതം ജവം
പരന്നു ഭാരതക്ഷ്മായിൽ
പരിതോഷിച്ചു ദുഃഖിതർ. ൩൪

പിന്നീടതിന്നു പേർ "ജൈന-
മത"മെന്നായി; മർത്ത്യരെ,
ഒന്നിപ്പിക്കുകയെന്നുള്ള-
തൊന്നായുന്നമതിന്നഹോ! ൩൫

എന്നിട്ടും തീണ്ടൽ തീർന്നില;-
യേട്ടിലെപ്പശുവായ് മതം!
തൽപ്രചാരകരോ ഭിന്ന-
പാക്ഷികന്മാരുമായിതു. ൩൬

ബ്രാഹ്മണാഖ്യമതം വീണ്ടും
തലപൊക്കി; തളൎന്നുപോയ്
ജൈനന്മാർ;—അവരും പൂൎവ്വ-
മതത്തോടു ലയിച്ചുപോൽ! ൩൭

~~~~~~

## അശോകൻ.

അശോക,നിന്ത്യാസാമ്രാജ്യ-
ഭാരമേറ്റോരനന്തരം
ബൌദ്ധാദൎശ പ്രചാരാൎത്ഥ-
മുദ്യമിച്ചാൻ പലേവിധം. ൩൮

ജാതിപീഡ നിരോധിക്കും
രാജകീയവിളംബരം
പ്രസിദ്ധംചെയ്തു; നിൎമ്മിച്ചാൻ
ശിലാശാസനപങ്ക്തികൾ. ൩൯

മതവാക്യങ്ങളും ബുദ്ധ-
വിഗ്രഹങ്ങളുമെങ്ങുമേ
ശിലാകൃതങ്ങൾ നാട്ടിച്ചു
നാട്ടിൽ സാമ്രാജ്യനായകൻ. ൪൦

ധൎമ്മാതുരാലയം, തണ്ണീർ-
പ്പന്തൽ, സത്രങ്ങൾ, വാപികൾ,
കൂപങ്ങളിവ നിൎമ്മിച്ചാൻ
പൊതുവായ്ജ്ജാതിനാശകൻ. ൪൧
~~~~~~

കലാശാല, വിഹാരങ്ങ,-
ളാരാമങ്ങളിതൊക്കവേ,
നാട്ടിൽസ്ഥാപിച്ചു വിജ്ഞാന-
ജ്ഞാനദാനോൽസുകൻ നൃപൻ. ൪൨

മതപ്രചാരകന്മാരെ,
നിയോഗിച്ചു പലേടവും
ബുദ്ധാദർശം പരത്താനാ-
യയച്ചു സാർവ്വഭൗമനും. ൪൩

അവർ ചീനം, സയാം, ലങ്ക,
യീജിപ്തെന്നിവപോലുമേ,
ബുദ്ധരാജ്യങ്ങളായ്ത്തീർത്ത-
വൃത്തം ചൊൽവൂ ചരിത്രവും. ൪൪

അവരീച്ചേരരാജ്യത്തും-
വന്നുവേണ്ടുന്നവേലകൾ,
ചെയ്തൂർ ബുദ്ധമതത്തിന്നും,
ജാത്യർദ്ദനഹതിയ്ക്കുമായ്. ൪൫

എന്നിട്ടും തീണ്ടൽതീർന്നീല,
വന്നീല സമബുദ്ധിയും;
നരൻെറ തലതാങ്ങുന്നോ-
രവിവേകിത നോക്കുക! ൪൬

ബൌദ്ധനായ്ത്തീർന്നൊരാബാണ-
പ്പെരുമാളെക്കുമാർഗ്ഗികൾ
ഭ്രഷ്ടനാക്കിയുപേക്ഷിച്ചു;
പാവമെങ്ങോഗമിച്ചുപോൽ! ൪൭

അസ്പൃശ്യസ്പർശനംകൊണ്ടും
സഹഭുക്തിനിമിത്തവും
ബ്രാഹ്മണൻ സവർണ്ണരിൽചേർത്ത-
ദോഷം തീർപ്പതിനായഹോ ! ൪൮

ജംഗമാഖ്യർഷി, ഹാ! ജാതി-
ക്കുന്തുമ്പിൻ പീനകണ്ടകം
"ബ്രാഹ്മഗാനം" ജപിപ്പിച്ചാൻ
ദ്വിജരെക്കൊണ്ടു; പോരെയോ ! ൪൯

ധർമ്മപ്രചാരകന്മാരാം
ബൌദ്ധാചാര്യരെയൊക്കെയും
കേരളത്തിന്നു പായിച്ചാർ
കേരളബ്രാഹ്മണേശ്വരർ. ൫൦

ധർമ്മചാരികളേ—മർത്ത്യ-
ധർമ്മത്തെ—കേരളക്ഷിതി,
ആട്ടിപ്പായിച്ചൊരായോർമ്മ-
നീട്ടിപ്പാലിക്കുവാൻ ദ്വിജർ, ൫൧

ശാസ്ത്രക്കളി,യതല്ലെങ്കിൽ
യാത്രക്കളി-ചമച്ചപോൽ !
ഇന്നുമായതു നമ്പൂരി-
ജനം താനാചരിപ്പതെ ! (യുഗ്മം) ൫൨

കോടി ലിംഗപുരീപൂരം
തെറിപ്പാട്ടിൻെറ ദിഗ്ജയം
ഇന്നും ജനതയിൽചേർപ്പൂ!
ഭിക്ഷുണീമർദ്ദനസ്മൃതി. ൫൩

## രാമാനുജാചാര്യർ.

രാമാനുജാഖ്യനാചാര്യൻ
സത്യാധ്വാവിൽ ചരിച്ചവൻ,
സനാതനമതത്തിന്റെ
കുറവൊക്കെ ഗ്രഹിച്ചവൻ, ൧൪

ശ്രമിച്ചാൻ ഹൈന്ദവക്കേകീ-
കൃതഭാവം വരുത്തുവാൻ,
അസ്പൃശ്യതാദിദോഷങ്ങൾ
മാററിയാനന്ദമേകുവാൻ. (യുഗ്മം) ൧൫

ആചാര്യശ്രമവും നന്നായ്
ഫലിച്ചില്ലതു നിശ്ചയം;
അല്ലെങ്കിൽ പിന്നെയും ജാതി
തലപൊക്കിയതെങ്ങനെ ? ൧൬

## ശങ്കരാചാര്യർ

ശങ്കരാചാര്യനീക്കേര-
ളാവനിക്കോമനസ്സുതൻ,
സർവജ്ഞപീഠമാരൂഢൻ,
സർവലോകൈകവിശ്രുതൻ, ൧൭

ഒരിക്കൽ കാശിയിൽ സ്നാനം
കഴിഞ്ഞങ്ങനെ പോകവേ,
വഴിയിൽകണ്ടു കാട്ടാള-
നേകനെസ്സഹഭാര്യനെ. (യുഗ്മം) ൧൮

അവനെപ്പാൎത്തുടൻ "തീണ്ട-
ലാചാര"ത്തിൻനികൃഷ്ടത,
ആത്മസംഭാഷണത്തിന്നു
വിഷയീഭൂതമായിതു്. ൩൯

സൃഷ്ടിച്ചു കഥയാചാൎയ്യ-
നൊന്നു തത്വപ്രബോധകം
ആചാൎയ്യവ്യാധസംവാദ-
രൂപമദ്വൈതസാധകം. ൪൦

പാരിലാത്തത്വകാവ്യത്തിൻ-
പാരിനില്ലൊരു ഖേദവും
പാൎക്കാമാൎക്കുമതിൽ സ്പഷ്ടം
തീണ്ടലിന്നയഥാൎത്ഥത. ൪൧

"രസാസൃങ്മാംസമേദോസ്ഥി-
മജ്ജശുക്രങ്ങളൊന്നുതാൻ
പഞ്ചഭൂതകൃതം മെയ്യിൽ
പഞ്ചമന്നും ദ്വിജന്നുമേ. ൪൨

ആത്മാവൊന്നഖിലബ്രഹ്മാ-
ണ്ഡത്തിലെജ്ജന്തുകോടിയിൽ;
ദേഹദേഹികളെത്തീണ്ടു-
ദേഹദേഹികൾ; എന്തതിൽ? ൪൩

ആ ഭൂതപഞ്ചകത്തിന്നു-
മാത്മാവിന്നുമൊരന്യമായ്
വസ്തുവാദ്ധ്യനിലുണ്ടെങ്കി-
ലത്രേ തീണ്ടൽ സമൎത്ഥകം." ൪൪

നരനെ ഭ്രാന്തിനാൽ വർജ്ജ്യ-
വസ്തുവായി നടിപ്പവർ,
ലജ്ജിച്ചു തലതാഴ്ത്തീല-
യദ്വൈതമിതുകേൾക്കിലും. ൩൨

സമവാദിതയാൽ ഭ്രഷ്ട-
നാക്കിയാചാര്യനെ ദ്വിജർ!
ഭിക്ഷയില്ലെങ്കിലും പട്ടി-
കടിക്കാഞ്ഞീലതേവരം! ൩൩

നായരെക്കൊണ്ടെടുപ്പിച്ചു
മൃതയാമമ്മതൻ ജഡം
ആചാര്യൻ ബ്രാഹ്മണത്യക്ത-
നപരക്രിയചെയ്തുപോൽ! ൩൪

അവ്വിധത്തിൽ കലാശിച്ചി-
തദ്വൈതം ശാങ്കരം ബത!
തീണ്ടൽതൊട്ട ദുരാചാരം
വീണ്ടും വർദ്ധിച്ചു വന്നതേ. ൩൫

---

## ക്രിസ്തുമതം.

യേശുവിൻ ശിഷ്യനാം തോമ്മ-
സ്സപ്പോസ്തല,നനന്തരം,
വന്നാനിന്ത്യയിലാരോടും
സുവിശേഷം കഥിക്കുവാൻ. ൩൬

ദേവാലയനിരോധങ്ങൾ,
ജാതിപീഡയിവററിനാൽ
ദൈവത്തേയും മതത്തേയു-
മറിയാത്ത ജനാവലി, ൧൦

ക്രിസ്തുതന്നപദാനങ്ങൾ,
വരദാനാദിശക്തികൾ,
അത്യത്ഭുതകരം കർമ്മ-
മിവകേട്ടാശതേടിനാർ. (യുഗ്മം) ൧൧

തീണ്ടാവുന്ന — തൊടാവുന്ന-
രണ്ടെന്നെണ്ണാത്ത യേശുവാൽ,
ഉണ്ടാക്കപ്പെട്ടതേ സത്യ-
വേദമെന്നവർ തേറിനാർ. ൧൨

ചേന്നാർ ക്രിസ്തുമതം തന്നി-
ലന്നാപ്പീഡിതർ കൂട്ടമായ്;
ചോർന്നു ഹിന്തുമതം; പിന്നെ-
ത്തീർന്നീലച്ചോർച്ചയേറെനാൾ. ൧൩

എന്നിട്ടും ജാതിതീർന്നില,
തീർന്നീലാ തീണ്ടലാദിയും;
അസമത്വങ്ങളങ്ങും ഹാ!
കളിയാടുകയായിതേ. ൧൪

# ഇസ്ലാം മതം.

ഇന്ത്യയിൽ കാലെടുത്തുന്നി-
യിസ്ലാംമതമനന്തരം
സ്വാതന്ത്ര്യേച്ഛുക്കളതിനെ-
സ്സാഭിമാനം വരിച്ചതെ. ൧൦

അടിമത്തങ്ങളും ഹൈന്ദ-
വാസമത്വങ്ങളും ചിരാൽ,
ചുമന്നമരവിച്ചോരു-
തലകൾക്കുള്ള താഴ്ചകൾ, ൧൧

തീൎന്നാരോടും മുഖം പൊക്കി
"ഞാനെ"ന്നോതിയടുത്തിടാം
ഇസ്ലാമാമെങ്കിലെന്നുള്ള
വിശ്വാസം മൂത്തു ദീനരിൽ. (യുഗ്മം) ൧൨

ഉശിർപ്പൈക്യമെന്നോവം
വിശിഷ്ടഗുണസഞ്ചയം
മനസ്സിന്നേകിടും മാർഗ്ഗ-
മിസ്ലാമെന്നവർ തേറിനാർ. ൧൩

ക്രിസ്തുമാൎഗ്ഗമൊരേടത്തു-
മിസ്ലാം മറുവശത്തുമായ്;
രണ്ടുമാൎഗ്ഗത്തിലുംകൂടെ-
ച്ചോർന്നു ഹൈന്ദവർ, ദീനിതർ. ൧൪

സനാതനമതം തന്നി-
ലെന്നിട്ടും തീണ്ടൽ മിച്ചമായ്!
സാഹോദര്യമതിന്നുള്ളി-
ലൂറിയില്ലതുന്നാളിലും. വൃ൮

## ദയാനന്ദസരസ്വതി.

അസമത്വങ്ങളും, ഹിന്ദു-
മതത്തിൻ ക്ഷയഭാവവും,
കണ്ടു, പോംവഴി ചിന്തിച്ചാൻ
ദയാനന്ദസരസ്വതി. വൃ൧

ആര്യാനാര്യപ്രഭേദങ്ങൾ
ദൂരത്താക്കിയൊരാഖ്യയാൽ
ഹിന്ദുക്കളെഗ്ഘടിപ്പിക്ക
ചന്തമെന്നങ്ങുറച്ചവൻ. വൃ൨

ആ മഹാൻ സൃഷ്ടിചെയ്താര്യ-
സമാജം; അതിലാരെയും
ആര്യന്മാരാക്കിനാൻ പൂണു-
ലായവർക്കൊക്കെയേകിനാൻ. വൃ൩

വേദങ്ങളെല്ലാമെല്ലാർക്കും
വേദിക്കാമെന്നുവച്ചവൻ;
ആരും ഷോഡശസംസ്കാര-
യോഗ്യനെന്നവനാക്കിനാൻ. വൃ൪

ജപഹോമതപസ്സന്ധ്യാ-
നമസ്കാരങ്ങളൊക്കെയും,
ബ്രാഹ്മണർക്കെന്നപോൽ ശ്യാമ
ളാര്യന്നും ചെയ്യുതാക്കിനാൻ. വൃ൭

ഇതിൻെറ പാപശാന്തിക്കായ്,
യാഥാസ്ഥിതികർ ക്രുദ്ധമായ്,
വിഷമേകീട്ടു കൊന്നാര-
ദ്ദയാനന്ദനെ, നിഷ്ഠുരർ. വൃന്ദ

ജാതിതന്നർത്ഥമില്ലായ്മ
കാണിപ്പാനായനന്തരം,
ചമച്ചാര്യസമാജസ്ഥർ
മതസാഹിത്യസഞ്ചയം. ഖ്യ

ആ കന്യാമേരുപര്യന്ത-
മാ സമാജം വളർത്തിനാർ
എന്നിട്ടും തീണ്ടൽ തീർന്നീല-
യസ്പൃശ്യതയുമങ്ങനെ. വ്വ

---

## രാജാറാം മോഹൻ.

സർവ്വം ബ്രഹ്മമയം ലോക-
മെന്ന തത്ത്വത്തെ നിർഭയം
പുരസ്കരിച്ചൊ,രാം ജാതി-
പരിഷ്കാരം തുടങ്ങിനാൻ. വൻ

രാജാറാംമോഹനാഭിഖ്യ-
നദ്ദേഹമമിതശ്രമാൽ
സ്ഥാപിച്ചാൻ വിശ്രുതം "ബ്രഹ്മ-
സമാജം" ദീനബാന്ധവൻ. ൯൦

ജാതിയില്ല, തൊടീലില്ല,
തീണ്ടലില്ലതിലാൎക്കുമേ;
ആരും ബ്രഹ്മം; അവൎക്കാകാം
തമ്മിലുദ്വാഹബന്ധവും. ൯൧

തീൻതിലസ്പൃശ്യതാശാപ-
മെന്നിട്ടും ഭാരതത്തിനു്;
ഭിന്നത്വം പിന്നെയാ ബ്രഹ്മ-
സമാജത്തിലുമേറിപോൽ. ൯൨

---

## സ്വാമി വിവേകാനന്ദൻ.

വിവേകാനന്ദ നീ ഹിന്ദു-
മതത്തിൻ ജാതിപീഡനം,
സഹിക്കാതെ പ്രസംഗിച്ചാൻ
ദുരാചാരപ്രദൂഷണം. ൯൩

കേരളം യുവസന്ന്യാസി-
സന്ദൎശിച്ചേകദാ, തദാ,
മറ്റൊരേടത്തുമില്ലാത്ത
മട്ടിലാത്തീണ്ടൽ കണ്ടിഹ. ൯൪

അമ്പരന്നു മഹാനുള്ളം
നൊമ്പരപ്പെട്ടു ചൊല്ലിനാൻ,
"കേരളം പാരിലേയ്ക്കും വൻ-
ഭ്രാന്തമന്ദിര"മെന്നഹോ! ൯൫

"തൊടൊലാ, തൊടൊലാ"യെന്നു-
ഹിന്ദുധൎമ്മത്തിനൎത്ഥമായ്;
ഇതു മാററായ്കിലിന്ത്യയ്ക്കു
മോക്ഷമില്ലെന്നു ചൊന്നവൻ. ൯൬

ലഭിയ്ക്കാ സ്വൎഗ്ഗസൌഖ്യങ്ങൾ,
സ്വരാജ്യം കണികണ്ടിടാ,
ഇന്ത്യ, ജാതി നശിക്കാതെ-
ന്നോതിയാ ദീർഘദൎശിതാൻ. ൯൭

അജ്ഞാന ഭയദാരിദ്ര്യ-
ദുഃഖങ്ങൾക്കേകകാരണം
ഇന്ത്യയ്ക്കയിത്തയാചാര-
മെന്നുവാദിച്ചിതമ്മഹാൻ. ൯൮

അടിമത്തത്തിൽ നിന്നിന്ത്യ
മുക്തയാകണമെങ്കിലോ,
അയിത്തബാധ നീങ്ങേണ-
മെന്നു വാദിച്ചിതമ്മഹാൻ. ൯൯

അസംഖ്യം ശങ്കരാചാര്യർ
വസിക്കും ഭാരതാവനി
ശ്രവിച്ചേയില്ല,യീ ധൎമ്മ-
പ്രവാചക വചസ്സുകൾ. ൧൦൦

അസംഖ്യമാത്മവിദ്യന്മാർ
ലസിക്കും ഭരതക്ഷ്മമ,
നിശമിച്ചില്ല യധ്യാത്മ-
ദേശികൻെറ വചസ്സുകൾ. ൧൦൧

മതപണ്ഡിതരാ മേറെ-
സ്സുതന്മാരെ സ്സവിച്ചവൾ,
ഭാരതാംബ, ശ്രവിച്ചില്ല
വിവേകാനന്ദ ഭാഷിതം. ൧൦൨

കർമ്മഭൂവെന്ന പേർപോലു-
മിന്ത്യയ്ക്കു;ന്നതിനാൽ ഫലം?
ചെയ്യേണ്ട സമയത്തിങ്കൽ
കൈയില്ലാത്തവളാണിവൾ. ൧൦൩

ചെവി, കേൾക്കേണ്ട നേരത്തു,-
മക്ഷി പാർക്കേണ്ടപോതിലും,
ഇവൾക്കില്ല;തിനാൽ വന്ന-
ദോഷമേയുള്ളിവൾക്കിഹ. ൧൦൪

---

## മഹാത്മാഗാന്ധി.

പാരം ഭാരതമാതാവിൻ-
പാരതന്ത്ര്യ പരാജയം
ധീരൻ, മഹാത്മാ, ഗാന്ധിയ്ക്കുൾ-
ത്താരിൽ താപമണയ്ക്കയാൽ. ൧൦൫

സ്വയംഭരണ മിന്ത്യയ്ക്കു
സമാർജ്ജിക്കാൻ മഹാത്മജി,
പരിപാടികൾ നിർമ്മിച്ചു,
പരിശ്രാന്തി തുടർന്നതെ. (യുഗ്മം) ൧൦൬

ലസിച്ചു ഗാന്ധിനേതാവു
കാൺഗ്രസ്സിൻ നവജീവനായ്;
സ്തുതിച്ചീ മൂർത്തിയേ ലോകം-
വീക്ഷ്ണതന്നവതാരമായ്. ൧൦൭

സാരൻ, നിസ്സഹകാരിത്വ-
സത്യഗ്രഹരണങ്ങളാൽ
സ്വയംഭരണമിന്ത്യയ്ക്കാ-
യാർജ്ജിയ്ക്കാനോർത്തു നീതിമാൻ. ൧൦൮

അയിത്തബാധനീക്കാത്തീ-
സ്വയംഭരണവൃത്തിയിൽ,
വിയോജിച്ചാ,രെതിർത്താ, ര-
ന്നാധഃകൃതരശേഷരും. ൧൦൯

അയിത്തോച്ചാടനം കാൺഗ്ര-
സ്സിന്നൊഴം പരിപാടിയിൽ,
പെടുത്തീലതു വർഗ്ഗീയ-
പ്രശ്നമെന്നുള്ളതല്ലലാൽ. ൧൧൦

ഭ്രാന്തരെപ്പോലെതമ്മിൽ താൻ
ഹിന്തുക്കളെടിക്കുടവേ,
ചിന്തിക്കിലെന്തുസാധിക്കും
ഗാന്ധിയ്ക്കു,ൽകൃഷ്ടനെങ്കിലും? ൧൧൧

തൊടീലും തീണ്ടലുംകൊണ്ടു
പൊടിപാറവുന്നൊരിന്ത്യയിൽ
അടിമത്തസ്വരാജ്യത്തിൻ
കൊടികുത്തുകയോവരം? ൧൧൨

സനാതനികളാം യാഥാ-
സ്ഥിതികന്മാർ മഹാരഥർ,
കാൺഗ്രസ്സിന്നുള്ളിലും പിന്നെ-
പ്പുറത്തും ഭൂരിയുണ്ടഹോ! ൧൧൩

അയിത്തോച്ചാടനംകൊണ്ടേ-
യധഃകൃതരടുത്തിട്ടു;
അതുചൊന്നാലകന്നീടു-
മസ്സനാതനിവർഗ്ഗവും! ൧൧൪

കക്ഷത്തുള്ളതുപോകാതെ-
യുറിമേലുള്ളതേന്തുവാൻ,
മഹായത്നം കഴിച്ചാനീ-
മഹാത്മാവു മഹായതി! ൧൧൫

"മനുഷ്യരായ് പുറന്നോക്കു
മനുഷ്യത്വം തരാത്തവർ
'സ്വരാജ്യം' കിട്ടിയാലെന്തു-
തരും?" എന്നായധഃകൃതർ. ൧൧൬

ബ്രിട്ടീഷുഭരണംമൂലം
കിട്ടിയോരുഗുണങ്ങളെ,
ഒട്ടൊട്ടുകാട്ടിക്കാൺഗ്രസ്സെ- ൧൧൭
യധഃകൃതരെതിക്കയായ്.

അവൎക്കവിദ്യ, യുദ്യോഗം,
സമത്വം, സാഹചര്യവും,
യൂറോപ്യന്മാർ പ്രദാനംചെ-
യ്തെന്നധഃകൃതർ ചൊൽകയായ്. ൧൧൮

വെള്ളക്കാരനുവെയ്പ്പാനായ്
പറയൻ പാചകൻമതി;
“ബട്ല”രായുമവൻപോരും;
പതിതൻ ബ്രാഹ്മണന്നവൻ! ൧൧൯

അയിത്തശങ്കകൂടാതെ-
യധഃകൃതരെയൊക്കെയും
അടുപ്പിച്ചാശ്വസിപ്പിപ്പോർ
ക്രിസ്തുമാൎഗ്ഗാനുയായികൾ. ൧൨൦

അയിത്തശങ്കയാൽദൂരെ-
യധഃകൃതരെയൊക്കെയും
അകററിയാശ്വസിപ്പൂ! ഹാ!
സനാതന മതാധിപർ! ൧൨൧

ആ സനാതനി നൽകുന്നി-
ലധഃകൃതനു മോചനം,
സനാതനിക്കു ബ്രിട്ടീഷും
സ്വയംഭരണമങ്ങനെ. ൧൨൨

ബ്രിട്ടീഷ്നുകത്തിന്നുശീർഷ-
മൂരാൻനോക്കും സനാതനി,
തൻ ചവിട്ടിന്നുവിട്ടീട-
ന്നില്ലധഃകൃതനെ സ്വയം! ൨൩൧

മതാസ്വാതന്ത്ര്യവും പിന്നെ-
ജ്ജാതിപീഡനവൃത്തിയും,
ഹതിചെയ്യാത്ത രാഷ്ട്രീയ-
സ്വാതന്ത്ര്യേച്ഛ വിനിന്ദിത. ൧൨൪

സനാതനിമതാധ്യക്ഷ-
നായി മാറുന്നവേളയിൽ,
മഹാത്മാഗാന്ധിയുംകൂടി-
വഴിമാറിക്കൊടുക്കണം! ൧൨൫

സനാതനികളൊന്നിച്ചാ-
ക്ഷേത്രാരാധനചെയ്യവേ,
ഗാന്ധിദേവൻ വെറും വൈശ്യൻ!
ദൂരെനിന്നുഭജിക്കണം! ൧൨൬

ഈ കൊട്ടുംനീതികേടിന്റെ-
വെൽക്കൊടിക്കൂറയായിട്ടും,
“ഹോംറൂ” ളക്കൂട്ടർതൻകൈക്കൽ
വന്നാൽ; എന്നായധഃകൃതർ. ൧൨൭

ന്യൂനപക്ഷീയരല്ലോയി-
ദീനന്മാരെട്ടുകോടിയും;
കാൺഗ്രസ്സവിഗണിച്ചേയു-
ള്ളിവർതൻ വാദകോടികൾ. ൧൨൮

ഇന്ത്യതൻ ദീനഹേതുക്ക-
ളെന്തെ,ന്നെവിടെയെന്നഹോ!
ചിന്തിക്കാതെ ചികിത്സിപ്പാൻ-
ഗാന്ധിയുദ്യുക്തനായഥ. ൧൨൯

സംഭവങ്ങൾ നിറഞ്ഞൊട്ടു-
കാലംപിന്നിട്ട ഗാന്ധിതാൻ
വട്ടമേശസ്സഭയ്ക്കായി
ലണ്ഡനിൽ പോകയായിതേ. ൧൩൦

അധഃകൃതപ്രശ്നവാദ-
മവിടെപ്പൊന്തി; ഗാന്ധിയോ,
അവർതൻ പ്രാതിനിധ്യം കാൺ-
ഗ്രസ്സിനുണ്ടെന്നു ചൊന്നതേ. ൧൩൧

സമ്മതിച്ചീലയാവാദ-
മധഃകൃതരുജാഹരൻ,
അംബേത്കരടിമത്തത്തി-
ന്നടിതോണ്ടുന്ന ബുദ്ധിമാൻ. ൧൩൨

ബുദ്ധനു മുന്നം ഹാ! ബോധി-
ച്ചോട്ടിൽവച്ചെന്നപോലവേ,
ഗാന്ധിക്കുദിച്ചപോൽ ബോധം
വട്ടമേശയിൽ വച്ചുടൻ! ൧൩൩

അധഃകൃതരെ നന്നായി-
ട്ടുദ്ധരിക്കുകയെന്നിയേ,
സ്വയംഭരണലബ്ധിക്കു
മാർഗ്ഗമില്ലെന്നു കണ്ടവൻ. ൧൩൪

മടങ്ങിവന്നുടൻ ജേലിൽ
പാർത്തു; നിർമ്മുക്തനായഥ,
തുടങ്ങിനാൻ നിരാഹാര-
വ്രതം ഗാന്ധിമഹാബലൻ. ൧൩൫

"അധഃകൃതക്ഷേത്രങ്ങൾ
തുറക്കും ദിവസംവരെ,
ഈവ്രതം നോൽക്കും;മല്ലെങ്കി-
ലിതിനാൽ മരണം ദൃഢം" ൧൩൬

ഗാന്ധിതന്നന്ത്യസന്ദേശ-
മിതുകേട്ടാധിതേടിനാർ,
മാളവ്യാദികൾ,—കാൺഗ്രസ്സിൻ-
ജീവനേയവർകൊൽകയോ! ൧൩൭

അസ്പൃശ്യരെയടുപ്പിച്ചി-
ട്ടീശശാപം വരിക്കയോ!
രണ്ടുംവയ്യാതെ, വല്ലാത-
സ്വരാജ്യേച്ഛുക്കൾ മാഴ്കിനാർ. ൧൩൮

ഒടുവിൽ ഗാന്ധിതൻ മൃത്യു-
വോർത്തു മാളവ്യ ഭീതനായ്,
സ്വന്തമാരാധനക്കോവിൽ
തുറന്നാൻ താണവക്കവൻ. ൧൩൯

ഈ ദൃഷ്ടാന്തം ചിലേടത്തു
ചിലരൊക്കെത്തുടൎന്നപോൽ!
ഗാന്ധിതൻെറ നിരാഹാര-
മിതുകൊണ്ടങ്ങു നിന്നതേ. ൧൪൦

മഹാൻ, ഹരിജനോദ്ധാര-
പ്രസ്ഥാനം സൃഷ്ടിചെയ്തഥ,
ഭാരതം മുഴവൻ വ്യാപി-
പ്പിച്ചു വേലതുടൎന്നതേ. ൧൪൧

എന്നിട്ടും തീണ്ടൽതീൎന്നീല,
ദീനരംബത്‌കരാദികൾ
മതംമാററത്തിനുദ്യുക്ത-
രായ് സ്വരക്ഷ തിരഞ്ഞുതേ. ൧൪൨

പ്രഥമസർഗ്ഗം സമ്പൂൎണ്ണം.

# ദ്വിതീയ സർഗ്ഗം.

---

## വഞ്ചിരാജ്യപ്രശസ്തി

മഹിതൈശ്വര്യ സല്പാദ-
വിഹിതം ധർമ്മവൃത്തിയാൽ,
മഹിതൻ സ്വർഗ്ഗമായ് വഞ്ചി-
വിലസുന്നു വിശിഷ്ടഭൂ. ൧

## ശ്രീചിത്തിരതിരുനാൾ പ്രശസ്തി.

ശ്രീവഞ്ചിവസുധാകാന്തൻ,
ചിത്രാനക്ഷത്ര സംഭവൻ,
സർവോൽകർഷേണ വർത്തിപ്പൂ!
സർവലോകൈക വിശ്രുതൻ. ൨

തിരുമൂപ്പേറ്റതിൻമുമ്പേ-
യൊരിക്കൽ പൊന്നുതമ്പുരാൻ,
കല്ക്കത്തായിലെഴുന്നള്ളി
ദേശസന്ദർശനോത്സുകൻ. ൩

തിരുമെയ് പാർത്തു കണ്ണിന്റെ-
ജന്മം സഫലമാക്കുവാൻ,
തത്രത്യരായി വൃത്താന്ത-
പത്രപ്രതിനിധീശ്വരർ. ൪

വാൎത്താ വിതാരകന്മാരി-
ലൊരാളോടന്നു തമ്പുരാൻ,
കല്പിച്ചരുളി, വേണാടിൻ-
കല്പത്തെ, യന്‌പൊടി,ത്തരം. ൫

"ഞാൻ രാജ്യഭാരമേൾക്കുമ്പോൾ
ശ്രമിക്കും സകലാത്മനാ,
പ്രജാക്ഷേമാ മിതൈശ്വൎയ്യ
പ്രാപ്തിക്കായിട്ടഹൎന്നിശം." ൬

"പ്രജാവൃന്ദത്തിൽ ഞാൻ സൎവ്വ-
വിധ സന്തുഷ്ടി ചേൎത്തിടും
സൎവ്വഭാഗ്യങ്ങളും നൽകി-
യവരെ ത്തൃപ്തരാക്കിടും." ൭

ഈ വാഗ്ദാനാമൃതം വഞ്ചി-
സന്താനങ്ങളിലൊക്കെയും
ആശാങ്കുരങ്ങൾ നീട്ടിച്ചു;
വാഴ്ത്തി ലോകം ക്ഷമേശനെ. ൮

ഏകദാ, വഞ്ചിയൂർസ്കൂളി-
ലെഴുന്നള്ളി നൃപോത്തമൻ;
എതിരേററീശനെബ്ഭക്ത്യാ,
പാഠശാലാധികാരികൾ. ൯

പഞ്ചാരമണൽ പൂശിച്ച-
പാതവിട്ടുമഹീപതി,
തൃക്കാൽ വെച്ചപ്പൊ"ഴിതിലേ"
യെന്നുദ്യോഗസ്ഥർ ചൊൽകയായ്. ൰

"എല്ലാവരും നടക്കുന്ന-
വഴിയേ ഞാനും" എന്നുടൻ
കല്പിച്ചെഴുന്നള്ളി ബുദ്ധൻ
ചരൽപാതയിലൂടെതാൻ! ൫൫

അൎത്ഥഗൎഭിത മീ വാക്യം;
തൽസ്ഥാദൎശ വിശുദ്ധിയോ,
യതിസാധാരണ ത്യാഗ-
ലോകോത്തര മഹത്തര! ൫൬

സ്ഫുടമാകൎണ്ണനം ചെയ്തീ-
യരുളപ്പാടു സവ്വരും
സന്തോഷാശ്രുവിനാൽ തൃക്കാൽ-
പാടുനന്നായ് നനച്ചുതെ! ൫൭

ജാതിഭേദങ്ങൾ നിൎമ്മിച്ചു-
തീണ്ടലാൽ പൊതുവിഥികൾ
അവൎണ്ണൎക്കപ്രവേശ്യങ്ങ-
ളായിരുന്നന്നുമിക്കതും. ൫൮

അവൎണ്ണജനസഞ്ചാര-
സ്വാതന്ത്ര്യസ്വാൎജ്ജനശ്രമം
ആവൎജ്ജിച്ചുമിരുന്നന്നു
സവൎണ്ണസുമനഃസ്ഥിതി. ൫൯

സവൎണ്ണാവൎണ്ണർപാൎത്താരി-
ത്തിരുവായ്മൊഴിയായിട്ടും
ദൂരദൎശിനിയിൽ, സഞ്ചാ-
രത്തിനുണ്ടാം സ്വതന്ത്രത. ൬൦

പാഠാലയത്തിനുള്ളിൽ പി-
ന്നെഴുന്നള്ളി നരേശ്വരൻ
ഓരോരോഭാഗവും തൃക്കൺ-
പാൎത്തുപാൎത്തു നടന്നതെ. ൧൭

എഴുന്നള്ളത്തുസംബന്ധി-
ച്ചുള്ള വിദ്യാൎത്ഥികൾക്കഹോ !
ലഘുഭക്ഷണദാനം സ്കൂ-
ളധികാരികൾ ചെയ്തതെ. ൧൮

പന്തി, ജാതിതിരിച്ചന്നു
വേറേവേറെയൊരുക്കിനാർ
വിദ്യാൎത്ഥികൾക്ക വിദ്വാന്മാർ,
വിദ്യാദേവിമഠാധിപർ. ൧൯

തൃക്കൺപാൎത്തിതു ഹാ! ഭൂത-
ദയാലു ജനപാലകൻ,
"സ്കൂളിലും ജാതിയോ?"യെന്നു-
ചോദിച്ചൂ സ്നേഹചോദിതൻ. ൨൦

തിരുവുള്ളമഹോ! നൊന്തി-
ട്ടരുളിച്ചെയ്ത ചോദ്യമാം
ഇതു; ഭൌതികമാമൎത്ഥ-
മല്ലിതിന്നുള്ളിലുള്ളതു്. ൨൧

ഇതിൻെറ പൊരുൾവൎണ്ണിപ്പോൻ
മഹാപണ്ഡിതനാകണം,
മനശ്ശാസ്ത്രമഹാവാൎദ്ധി-
പാരംഗതനുമാകണം. ൨൨

ഈച്ചോദ്യത്തിൻ പ്രതിധ്വാനം
സ്കൂളിലെപ്പോൾമുഴങ്ങിയോ,
അപ്പൊഴേ ജാതിരക്ഷസ്സ-
ങ്ങന്ത്യശ്വാസം വലിക്കയായ്! ൬൩

ഈപ്രശ്നംകേട്ടുകമ്പിച്ചോർ,
സ്വപ്നലോകസ്ഥരായവർ,
ജാതിപീഠം ഞെരിഞ്ഞതങ്ങു
തകരും ധ്വനികേട്ടുതെ. ൬൪

അവർണ്ണർമുന്നമേ, ക്ഷേത്ര-
പ്രവേശോല്ലബ്ധിവാദികൾ;
അവരോടനുകൂലിച്ചോർ
സവർണ്ണന്മാരിൽ നായകർ. ൬൫

അവരെല്ലാവരും പാർത്തീ-
ദിവ്യശ്രീ ചോദ്യമായിട്ടും
ദൂരദർശിനിയിൽക്കൂടി
സർക്കാർക്ഷേത്രപ്രവേശനം. ൬൬

ആശാഭരിതമായ് വഞ്ചി-
പ്രജാസഞ്ചയമങ്ങനെ
ചിത്രർക്ഷജാവതാരത്തെ-
യത്രവാഴ്ത്തിവസിച്ചുതെ. ൬൭

# തിരുവവതാരം.

"എപ്പോഴം ധമ്മം തളൎന്നീടു-
മധമ്മം തലപൊക്കിടും
അപ്പോളവതരിക്കും ഞാ"
നെന്നോതി ഭഗവാൻ പുരാ. ൨൮

സാധുസംരക്ഷണത്തിന്നും,
ദുഷ്കൃൽബലികഴിപ്പിനും,
ധമ്മരക്ഷയ്ക്കുമായ് വിഷ്ണു
സംഭവിക്കും യുഗംപ്രതി. ൨൯

ജാതിരാക്ഷസഭാരത്താൽ
ഖിന്ന,ഭാരതമേദിനി
അൎത്ഥിച്ചാഴം ഭഗവാനോടി-
ങ്ങവതാരമെടുക്കുവാൻ. ൩൦

"അധമ്മംധമ്മമായ്; മൎത്ത്യ-
ധമ്മമൊക്കെയധമ്മമായ്,
ഈജാതിരാക്ഷസൻ തന്റെ
നടമാടൽ നിമിത്തമായ്. ൩൧

മക്കളെല്ലോ മനുഷ്യന്മാ-
രെല്ലാവരുമെനിക്കഹോ!
അവരെത്തമ്മിൽമൎദ്ദിപ്പി-
ച്ചഹോ! കൊല്ലുന്നിതീഖലൻ. ൩൨

തീണ്ടലെന്നും തൊടീലെന്നും
രണ്ടുദംഷ്ട്രങ്ങൾകൊണ്ടിവൻ
ഖണ്ഡനംചെയ്‌വുതേ, മർത്ത്യ-
സാഹോദര്യാഭിമാനിത. ൧൩

ഇവൻെറ തലകൊയ്യാഞ്ഞാ-
ലിളപാതാളമായിടും,
സ്വർഗ്ഗം നരകമായ്‌ത്തീരു-
മമൃതം വിഷമായിടും.” ൧൪

എന്നേവം ധരണീദേവി
ചൊന്നവാക്കുകൾ കേൾക്കവേ,
അവളോടരുളിച്ചെയ്തു
ഭഗവാൻ വിഷ്ണുവിങ്ങനെ. ൧൫

“സൃഷ്ടി, സംരക്ഷണം പിന്നെ-
സ്സംഹാരമിവമൂന്നുമേ,
ഞാനറിഞ്ഞേ ഭവിച്ചീടൂ
സർവ്വജന്തുതതിക്കെടോ! ൧൬

സുഷുപ്തിജാഗ്രത്സ്വപ്നങ്ങ-
ളെന്നുമൂന്നുണ്ടവസ്ഥകൾ
ഇവയിൽ സംഭവിക്കുന്ന
തൊക്കെയും ഞാനറിഞ്ഞിടും. ൧൭

എന്നാ,ലെന്തോന്നു ഞാൻ നിന്നോ-
ടോതേണ്ടൂ! ദേവി! യത്ഭുതം!
ഞാനറിഞ്ഞല്ലയിജ്ജാതി-
രക്ഷസ്സിൻജനനം പ്രിയേ! ൧൮

പുത്രരെക്കൊല്ലുവാൻ വേണ്ടി-
ഞ്ഞാനറിഞ്ഞീയരക്കനെ
ജനിപ്പിക്കാ;—യതേക്കാളും
പുത്രാസൃഷ്ടി പരം വരം. ൩൯

സ്വയം സൃഷ്ടിച്ചു നിൻമക്ക-
ളീ ക്കൊടുംകൊലയാളിയെ,
ആയസം മുസലം പണ്ടു
യാദവന്മാർ കണക്കിനെ. ൪൦

ഏററാർ സ്വയം കൃതാനത്ഥ-
ഫലം മത്ത്യർ പരസ്പരം;
പോകട്ടേയപ്പുരാവൃത്തം;
ദേവീ, നീ യാശ്വസിക്കുക! ൪൧

പ്രിയേ, നിൻ ഫാലദേശത്തു
ധമ്മരാജ്യത്തു—വഞ്ചിയിൽ,
പെട്ടെന്നവതരിച്ചീഞ്ഞാൻ
ധമ്മം സ്ഥാപിച്ചുകൊള്ളുവെൻ. ൪൨

അബോദ്ധാക്ക, ളസദ്വൃത്ത-
രധമ്മാസക്തരെങ്കിലും
പ്രജകൾക്കെഴ മിഷ്ടാനി-
ഷ്ടങ്ങൾ ഭൂപതിനോക്കണം. ൪൩

ഭവൽസുതന്മാരജ്ഞാതി-
രാക്ഷസക്കോമരങ്ങളായ്
സാഹോദര്യം മറന്നേവം
ഭ്രാന്തിനാടകമാടവേ. ൪൪

ഭൂപന്മാർ പരതന്ത്രന്മാർ
ശക്തിയററവരായ്പരാം
ഇക്കൊട്ടും ദ്രാപീയെക്കൊല്ലാൻ,
സേനാസമ്പന്നരെങ്കിലും. (യുഗ്മം) ൪൫

"നരവിഷ്ണുക്കൾ പൃഥ്വീന്ദ്ര"-
രെന്നു് ചൊല്ലുന്നടക്കവേ,
നമുക്കും കുറവുണ്ടാകുക-
മവർതന്നാവശസ്ഥിതി. ൪൬

അതിനാ, ലവനീന്ദ്രൎക്കും
മാതൃകായോഗ്യമായി ഞാൻ,
ജാതിപീഡനശിപ്പിച്ചു
രാജ്യക്ഷേമം പുലൎത്തുവാൻ. ൪൭

കൃതത്തിൽ കരമന്ദന്റെ
കാലംതൊട്ടുവിളങ്ങിടും
ശ്രീവഞ്ചിരാജവംശത്തിൽ
ജനിപ്പേൻ ബാലരാമനായ്. (യുഗ്മം) ൪൮

വഞ്ചീന്ദ്ര മുദ്രാവചനം
"ധൎമ്മോസ്മൽ കുലദൈവതം"
മുടിമുദ്രയതോ ശംഖം,
പാഞ്ചജന്യ സ്മൃതിപ്രദം! ൪൯

ദേവാംശ ഭൂതരായങ്ങു
ജനിച്ചിട്ടുണ്ടു മുന്നമേ,
നാരായണഗുരുസ്വാമി-
ബ്രഹ്മാനന്ദാഖ്യ യോഗികൾ. ൫൦

"ഒരുജാതി, ഒരുമതം
ഒരുദൈവം മനുഷ്യനു്"
എന്ന സത്തത്ത്വ സന്ദേശം
പരത്തും സ്വാമിദേശികൻ. ൭൧

"ആനന്ദമതമേ ജാതി,-
യാനന്ദംതന്നെ ദൈവവും;
അഹിംസ പരമംധർമ്മം;
ഹന്തവ്യൻ ജാതിരാക്ഷസൻ." ൭൨

ഗ്രന്ഥങ്ങൾ വഴിയീത്തത്ത്വം
പഠിപ്പിച്ചു മനുഷ്യരെ
ഉൽബുദ്ധരാക്കിട്ടും ബ്രഹ്മാ-
നന്ദാഖ്യ ശിവയോഗികൾ. (യുഗ്മം) ൭൩

ഭക്തൻ, പ്രഹ്ലാദനും മുന്നേ
ഗാന്ധിയായവതീർണ്ണനായ്
ഭവൽ സ്വാതന്ത്ര്യസന്ദേശ-
ദൂതൻ, ഹരിജനപ്രിയൻ. ൭൪

സ്നേഹസത്തുറ്റിടും കാവ്യാ-
ലാപങ്ങൾവഴി ജാതിയെ
ലജ്ജിപ്പിച്ചു, മനുഷ്യർക്കാ-
സ്വാഭിമാനം വളർത്തുവാൻ, ൭൫

കുമാരനാശാൻ, വള്ളത്തോൾ-
നാരായണ,നനന്തരം
കരുപ്പ,നയ്യപ്പനെന്നീ-
ശ്രുതനാമങ്ങളോട്ടമേ, ൭൬

ഗീഷ്പതിക്കെഴമാത്മാവു
മഹാകവികൾ നാൽവരായ്
ഭവദാനനമായിട്ടും
കേരളത്തിൽ ജനിച്ചെടോ ! (വിശേഷകം) ൭൬

ഗന്ധർവ്വാംശജരായുണ്ടു
ജനിച്ചു തത്ര നാലുപേർ
പരമേശ്വരകേളപ്പ-
പത്മനാഭാഖ്യമാധവർ. ൭൭

“ജാതിസത്രങ്ങളെന്നായി
സൎക്കാർക്ഷേത്രങ്ങൾ; ആകയാൽ,
അവൎണ്ണൎക്കു തുറക്കേണ-
മവ”യെന്നുള്ളവാദവും, ൭൯

“മധുവെസ്സേവചെയ്യാശ്ശു-
യാരു”മെന്നുള്ള വാദവും,
തുടങ്ങും മാധവാഖ്യൻ ദേ-
ശാഭിമാനിമധുദ്വിഷൻ. (യുഗ്മം) ൮൦

ഈ ധൎമ്മവാദതത്വങ്ങ-
ളേററെടുത്തു സവൎണ്ണരിൽ
ജാതിബാധാഭ്രമം നീക്കും
പരമേശ്വരനാദികൾ. ൮൧

അവരൊക്കെയിതേമട്ടിൽ
മുന്നോടിസ്സൈന്യമുമ്പരായ്
ജാതിരക്ഷോവധാൎത്ഥം മേ
രണഭൂമിയൊരുക്കിടും. ൮൨

ഇക്കാലത്തവതീൎണ്ണന്മാ-
രായി വാനവർവഞ്ചിയിൽ
സുബ്രഹ്മണ്യാദിവിപ്രന്മാ-
രായ് യോഗക്ഷേമയോഗികൾ. ൱൩

ബ്രഹ്മാംശഭൃതനായ്സാക്ഷാൽ
ബ്രാഹ്മണോത്തമനായവൻ
ജനിച്ചിട്ടുണ്ടെടോ! രാമ-
സ്വാമി, നിൻപ്രിയപുത്രനായ്. ൱൪

ഭൂലോകവിജയംചെയ്യോ-
നവൻ, സചിവസത്തമൻ,
നമുക്കു ജാതിയുദ്ധത്തിൽ
വരും സാരഥിയായ് തദാ. ൱൫

പിന്നെ,യേകശരത്താൽ ഞാ-
നന്നീ ജാത്യാശരൻെറമെയ്
പിളൎന്നുവീഴ്ത്തി, നിൻദുഃഖം
തീൎത്തു, ധൎമ്മം പുലൎത്തുവെൻ” ൱൬

“ഇതിവിശ്വംഭരൻചൊന്നു,
തൃപ്തയായ് ഭൂമിദേവിയും;
ശ്രീചിത്രതിരുനാളായ്പി-
ന്നാവതീൎണ്ണനുമായ്സ്വഭൂ” ൱൭

ഏവം വാഴ്ത്തുന്നുഭക്തന്മാർ
ശ്രീചിത്രാഭജനെസ്വയം;
ഇതു നിൽക്കട്ടെ, തുടരാം
പ്രകൃതം വീണ്ടുമിങ്ങുനാം. ൱൮

---

# ക്ഷേത്രപ്രവേശക്കമ്മിററി.

"സവ്വഹിന്തുജനങ്ങൾക്കും
സമാച്ഛന്നസമത്ഥമാം
ക്ഷേത്രപ്രവേശദാനം താൻ
ജാതിശല്യനിവാരകം. ൯൰൯

"അതുതാൻ പോററുവാൻ ശക്തം
മതധമ്മം സനാതനം,
ഹിന്തുസംഘടനാസൂത്രം,
നരമാഹാത്മ്യരക്ഷകം" ൱

തിരുമൂപ്പേററുടൻ പൊന്നു-
തമ്പുരാൻ ചിന്തചെയ്തിതു,
കല്പിച്ചുറച്ചിതിൻസാധ്യ-
മാർഗ്ഗങ്ങൾ കരുണാനിധി. ൱൧

അധികാരാവകാശങ്ങൾ
ലൌകികാദ്ധ്യാത്മികങ്ങളായ്
മതത്തിൽ വഞ്ചിരാജാക്കൾ-
ക്കുണ്ടുപണ്ടുമുതൽക്കിഹ. ൱൨

നായരെ ദ്വിജനാക്കിത്ത-
ച്ചൂടയക്കൈമ്മൾവാഴ്ചയിൽ
അവരോധിപ്പതതിനു-
ള്ളൊരുദൃഷ്ടാന്തമല്ലയോ? ൱൩

നമ്പൂരിജനവും പിന്നെ,-
യാമഹാനെ വഴങ്ങണം;
ദിവ്യോചിതപദത്താൽ സം-
ബുദ്ധിചെയ്തു വണങ്ങണം. ൪

എങ്കിലും രാജനീതിക്കു-
വേണ്ടി ശ്രീ വഞ്ചിവല്ലഭൻ,
പൌരാഭിമതമെന്തെന്നു
തേടീ, ക്ഷേത്രം തുറപ്പതിൽ. ൫

ക്ഷേത്രപ്രവേശക്കമ്മിററി
നിയമിച്ചതിലൂടെയായ്,
തമ്പുരാനഭിവാഞ്ഛിച്ചാ-
പ്രജാഹിതപരീക്ഷണം. ൬

യുവചൈതന്യസംസ്ഫൂത്തി
തിരളും തിരുമേനിയിൽ,
കുടികൊള്ളുന്നു ഹാ! ജ്ഞാന-
വൃദ്ധാസാമാന്യപാകധീ. ൭

---

## കമ്മിററിവിചാരണ.

പതിനെട്ടു മഹാസിദ്ധർ
പുരാണത്തിൽ പ്രകീത്തിതർ;
അവരിൽ ഭോഗരാൽ സൃഷ്ട,-
വിശാകമ്മപരമ്പര. ൧

ക്ഷേത്രങ്ങൾ പണിവോർ, ബിംബം-
കൊത്തുവോ,രത്തു വാക്കുവോർ,
ദേവന്നുഭ്രഷ്ടനിർമ്മിപ്പോ,-
രിവർ, ശില്പികൾ, ശാസ്ത്രികൾ.

രോമർഷിയാം മഹാസിദ്ധൻ-
തൻെറ വംശജരായവർ,
അരയന്മാർ, അമ്പലത്തിൽ
ശംഖമാഴിന്നുനൽകുവോർ.

കന്യാകുബ്ജമഹാക്ഷേത്ര-
സ്ഥാപനംചെയ്തസാത്വികർ,
ശോണാദ്രിദേവിക്കുടമ-
യുള്ളോരിവർ മതപ്രിയർ.

വഞ്ചിനാടിന്നഹോ! "ശംഖ-
നാടെ"ന്നായപരാഭിധ,
സമ്പാദിച്ചുകൊടുത്തോരി-
ദ്ധീരർ രാജ്യാഭിമാനികൾ.

സൈന്യത്തിൽ സേവനംചെയ്തോർ,
ദേശവാഴികളായവർ,
ഭാരതാദ്യേതിഹാസത്തിൻ-
ജീവനാഡികളായവർ,

യവനം, ലങ്ക, ചീനം, ശ്രീ-
ബാബിലോണിയതൊട്ടതാം
പരദേശങ്ങളിൽ കപ്പൽ-
വാണിജ്യംചെയ്തധീവരർ,

ലങ്കതൊട്ടുവടക്കോട്ട-
ങ്ങളകാപുരിയോളവും
രത്നങ്ങൾ വിളയിച്ചോർ, ശ്രീ-
സംസ്കാരങ്ങൾ വളർത്തിയോർ. ൪൫

കപ്പലോടിച്ചു മലയാ-
ളത്തിനക്ഷരമാലയും
കൊണ്ടുവന്നീവിധം ഭാഷാ-
പോഷണംചെയ്ത ധീവരർ. ൪൬

"വിലവാങ്ങിക"ളല്ലെങ്കിൽ
"വർത്തകന്മാർ" 'വണിക്കുകൾ'
ഈയർത്ഥത്തിലിളത്തട്ടിൽ
"ദാശ" നാമം വഹിച്ചവർ, ൪൭

വാണിജ്യത്തിൻപിതാക്കന്മാ-
രെന്ന വിശ്രുതിപെററവർ,
ഇവർ, ഈശ്വരഭക്തന്മാർ,
രാജഭക്തരിലഗ്രിമർ. (കുളകം) ൪൮

പതിനെൺസിദ്ധരിൽപാരം
പുകൾപൂണ്ട പുലസ്ത്യനാൽ
പണ്ടു ലങ്കാപുരംതന്നിൽ
സംസൃഷ്ടം സിംഹളാന്വയം. ൪൯

തീയ്യ,രീഴവരിത്യാദി-
നാമമാർന്നവരോർക്കുകിൽ
ഈഴത്തിന്നാഗമിച്ചോർ, കേ-
രളസിംഹളർ, മാനികൾ. ൫൦

അദ്വൈതമതവാദത്താൽ
ലോകവന്ദിതനായിട്ടും
ശ്രീ നാരായണസിദ്ധൻെറ
ദത്താനുഗ്രഹരാണിവർ. ൩൪

കൃഷിതൻ ജീവനാഡിത്വം,
വ്യവസായവിദഗ്ദ്ധത,
ഇവയാലൂഴിതൻ ശ്രീത്വം
വളത്തുന്നവരാണിവർ. ൩൫

മഠങ്ങ,ളാശ്രമക്ഷേത്ര-
തീത്ഥഘട്ടങ്ങൾ തൊട്ടതാം
ദേവസ്വങ്ങൾ വിനിർമ്മിച്ച
മതഭക്തരുമാണിവർ. ൩൬

പുലിപ്പാണി മഹാസിദ്ധ-
കുലസംഭവർ വേടരാം;
വാല്മീകിയാമാദികവി-
യീക്കുലത്തിൻപിതാമഹൻ. ൩൭

നാഞ്ചിക്കുറവനാർ മുന്നം
നാട്ടുവാണതുമൂലമായ്
നാഞ്ചിനാടെന്ന പേരാൻ
വഞ്ചിതൻ ദക്ഷിണാശപോൽ! ൩൮

കുറത്തിയാം വള്ളിതന്നെ-
സ്സുബ്രഹ്മണ്യൻ വരിക്കയാൽ
കുറവക്കൂട്ടമേ പിന്നെ-
ക്കുറവററവരായിതേ. ൩൯

നാട്ടിൽ പെരുമയാൽ വാണോ-
രെന്ന വസ്തുതഹേതുവാൽ
നാടാർനാമം വഹിക്കുന്നി-
തൊരുവർഗ്ഗം പ്രജാളിയിൽ. ൯൭

മറവന്മാരെ, യെന്നാലും
മറക്കാവല്ല; പണ്ടവർ,
പോലീസിലും തഥാ സൈന്യ-
ത്തിലും സേവിച്ചധീരരാം. ൯൮

പാക്കനാരെന്നസിദ്ധൻെറ
വംശ്യന്മാരായ്‌വളൎന്നവർ
കൃഷിചെയ്യുന്നോരെയും പോററി-
യൃഷിജീവിതമാൎന്നവർ. ൯൯

പുലയന്മാർ, ചേരമന്മാർ,
ചെറുമന്മാരിത്തേവിധം
വിവിധാഖ്യകളാൎന്നാ,ഢ്യ-
വിധേയന്മാരുമുണ്ടിഹ. (യുഗ്മം) ൧൦൦

നാടുവാണവരും പണ്ട-
ജാതരായിവരിൽ ചിലർ,
ലക്ഷ്യം "പുലയനാർ കോട്ട" —
പുരാതന,മതൊന്നുതാൻ. ൧൦൧

പറച്ചി പെററു പണ്ടുണ്ടായ്-
പരാശരമഹർഷികൾ
അവൻ നിൎമ്മിച്ചപോലാക്ക-
മറിവിന്നായ് മഹാസ്മൃതി. ൧൦൨

തിരുക്കുറൾ ചമച്ചോരു-
തിരുവള്ളുവസിദ്ധനും,
പറയപ്പെണ്ണിലന്നെങ്ങോ-
പുറന്ന പുരുഷാഗ്രണി. ൱൩

വിപ്രരെക്കമ്പിടീച്ചോരു
വിശുദ്ധൻ ഭക്തനന്ദനാർ
പറച്ചിയമ്മ പെറേറാര-
പ്രിയസന്താനമല്ലയോ? ൱൪

പറച്ചിപെററ പന്ത്രണ്ടു
മഹാന്മാർ പണ്ടു വാണതിൽ
അഗ്നിഹോത്രി, ബുധൻ "മേള-
ത്തോട്ടു നമ്പൂരി"യായിതു്. ൱൫

അകവൂർമനയിൽ പാത്താ-
നൊരുത്തൻ ചാത്തനെന്നവൻ
അകായിലുമകത്തും ത-
ന്നകത്തും ശുദ്ധിചേത്തവൻ. ൱൬

ഒരാൾ വള്ളുവനാട്ടുള്ള
നാറാണത്തു മനയ്ക്കലായ്
ഇവൻ പ്രതിഷ്ഠചെയ്യാത്ത-
യമ്പലങ്ങൾ ചുരുങ്ങിടും. ൱൭

ഒരാൾ കമ്മാളമുഖ്യൻ തൻ-
വളത്തുമകനായിതേ
"ഉളിയന്നൂർ പെരുന്തച്ച"-
നിവൻ തക്ഷകലാപടു. ൱൮

ചെമ്മാൻ വളൎത്തവൻ "ചെമ്മാൻ
തിരുമേനി"യുമായിതേ
ഒരുവൻ * നായരായ്ത്തീൎന്നി-
തൊരുവൻ പാക്കനൊരുമായ്. ൧൦൯

"വായില്ലാക്കുന്നിലപ്പൻ" താ-
നെന്ന പേരാൎന്ന ദേവനായ്
ഒരുവൻ; ബ്രാഹ്മണൻ പൂജ-
യിവനൎപ്പിപ്പൂ നിത്യവും! ൧൧൦

ഗണകൻ, രജകൻ, തണ്ടാൻ,
പാണൻ, പരവനെന്നിവർ
മുൻചൊന്നോൎക്കു സമം വംശ-
മാഹാത്മ്യങ്ങളെഴുന്നവർ. ൧൧൧

ഈവൎഗ്ഗങ്ങൾക്കഹോ! ക്ഷേത്ര-
പ്രവേശം നൽകുമെങ്കിലോ,
കുറവൊന്നും വരാനില്ലെ-
ന്നുറച്ചങ്ങു സവൎണ്ണരും. ൧൧൨

ശ്രീചിത്തിരനൃപൻ തന്റെ
തിരുവുള്ളമറിഞ്ഞവർ,
പരേംഗിതജ്ഞർ, നാടോടെ,
നടുവേയോടുവോരവർ. ൧൧൩

---

* പടുതലനായർ.

"അവൎണ്ണൎക്കേകണം ക്ഷേത്ര-
പ്രവേശമതു സമ്മതം"
ഏവം കമ്മിററിമുമ്പാകെ-
യവർ നന്മൊഴി നൽകിനാർ. ൮൪

പ്രതികൂലിച്ചുപോലാരോ-
സവൎണ്ണർ ചിലരിമ്മതം
ചവിട്ടുവണ്ടിച്ചക്രത്തെ-
ച്ചുരലെന്നകണക്കിന്നെ. ൮൫

ദ്വിതീയസൎഗ്ഗം സമ്പൂൎണ്ണം.

# തൃതീയസൎഗ്ഗം.

## ആട്ടത്തിരുനാൾ ആഘോഷം.

ക്ഷേത്രപ്രവേശക്കമ്മിററി
സമൎപ്പിച്ചുകഴിഞ്ഞുതേ,
ചൎച്ചാ ചരിത്രസംക്ഷേപം
രാജസന്നിധിയിൽ ജവം. ൧

മഹാരാജോപദേഷ്ടാവായ്
വാണൊരമ്മഹിതാശയൻ
രാമസ്വാമ്യയ്യർ വീണ്ടും വ-
ന്നിഹ മന്ത്രിവരേണ്യനായ്. ൨

അവതാരമഹോദ്ദേശം
നിവൎത്തിപ്പതിനുള്ളതാം
ഭവികപ്രദ സൽകാല-
മവലോകിക്കയായ് നൃപൻ. ൩

പുറന്നു നൂററിപ്പന്ത്രണ്ടാം
കൊല്ലം, വന്നു തുലാമതും;
തുടങ്ങി നാട്ടിലങ്ങാട്ട-
ത്തിരുനാൾ ഘോഷവേലകൾ. ൪

പൂജവെയ്പു തുടൎന്നുള്ള
നവരാത്രിമഹോത്സവം,
പിന്നെ ശ്രീപത്മനാഭന്റെ-
യാറാട്ടെന്ന മഹാമഹം. ൫

തിരുനാൾ സുദിനാഘോഷ-
മിശ്രങ്ങളിവയാകവേ,
സ്യാനന്ദൂരപുരം സാക്ഷാൽ
ദേവേന്ദ്രപുരിതന്നെയായ്.　　(യുഗ്മം)　　൰

"ശ്രീചിത്രാനഗരം" തീർത്തു
രാജധാനിയിലന്നഹോ!
സ്വർഗ്ഗത്തിൽ പിന്നെയും ചിന്ന-
സ്വർഗ്ഗംപോലെ പുരീജനം.　　൧

പതിവിൻപടിയുദ്യോഗ-
സ്ഥാനുദ്യോഗസ്ഥർ ചേൎന്നഥ
അതിൽ തുടൎന്നാർ "ശ്രീചിത്രാ-
സമസ്തേന്ത്യാപ്രദൎശനം."　　൨

കായികം, കാൎഷികം, മാത്സ്യം
വ്യാവസായികമാദിയായ്
പ്രദൎശനവിശേഷങ്ങൾ
വിവിധങ്ങൾ വിളങ്ങുകായ്.　　൩

കലാമഹോത്സവം ദിവ്യം
പൊടിപാററിത്തുടൎന്നതെ;
സംഗീതവാദ്യസമ്മർദ്ദ-
ഘനീഭൂതമതായി ഖം.　　൪

നാനാവൎണ്ണപ്രദീപ്രങ്ങൾ
വിദ്യുദ്ദീപങ്ങൾകൊണ്ടിഹ
നഭസ്സിണക്കി, നക്ഷത്ര-
പങ്ക്തി മങ്ങിച്ചു നിത്യവും.　　൫

രാജധാനിയിലങ്ങെങ്ങും
രാജവീഥികൾതോറുമേ,
വൎണ്ണവൈചിത്ര്യകമ്രങ്ങൾ
തോരണങ്ങൾ ലസിച്ചുതേ. ൬൧

ആകാശംമുട്ടി നിൽക്കും പൊൻ-
കൊടിക്കൂറകൾ തൻ വ്രജം
എങ്ങും വിളംബരംചെയ്തു
തിരുനാൾ സുദിനാഗമം. ൬൨

തലസ്ഥാനത്തിലേവം മാ-
മഹം കൊണ്ടാടവേ ജനം,
സപ്തവിംശദ്ദിനം ദിവ്യം
വന്നു ചിത്രർക്ഷമണ്ഡിതം. ൬൩

അലംകാരവിധാനങ്ങൾ
പുതുക്കി നാഗരാവലി
പഞ്ചാരപ്പൂഴിപൂശിബ്ഭ്രു,
പാലാഴിക്കൊപ്പമാക്കിനാർ. ൬൪

നിമ്നോന്നതങ്ങളായ് പങ്ക്തി-
പങ്ക്തിയായ്നെടുനീളവേ,
നിൽക്കും കച്ചേരി,സൌധങ്ങൾ,
വിദ്യാശാലകൾ, ഷാപ്പുകൾ. ൬൫

കാൎയ്യാലയങ്ങൾ, പണികാ-
ശനശാലകളെന്നിവ
വെൺകളിപ്പൂച്ചിനാൽതോന്നി
പാലാഴിത്തിരമാലപോൽ. (യുഗ്മം) ൬൬

വെടി,യപ്പടഹം,പള്ളി-
മണിനാദങ്ങൾ, ബാൻറുകൾ,
പഞ്ചവാദ്യങ്ങളിവയാൽ
മുഖരീകൃതമായ്പ്പുരി. ൧൮

പുണ്യമൂർത്തിയതാം പൊന്നു-
തമ്പുരാൻ വാഴ്‌വാൻചിരം
ദേവാലയങ്ങളിൽ ചെയ്താർ
പൌരന്മാർ പ്രാൎത്ഥനാദികൾ. ൧൯

യോഗങ്ങൾകൂടി ശ്രീവഞ്ചി-
ന്ദ്രാപദാനം പ്രജാവലി
കീൎത്തിച്ചു, ദീർഘായുസ്സിന്നാ-
യൎത്ഥിച്ചീശ്വരനോടവർ. ൨൦

തിരുനാൾമംഗളാശംസാ-
പത്രങ്ങൾ പലമട്ടിലായ്
മുദ്രണം ചെയ്തുകവിക്കൂ-
ടസ്ഥരങ്ങുപരത്തുകായ്! ൨൧

ഘോഷയാത്രകളാലെങ്ങും
മാൎഗ്ഗപങ്ക്തിനിരുദ്ധമായ്;
ജയഘോഷങ്ങളാകാശം
മുട്ടിമാറെറാലികൊണ്ടുതെ. ൨൨

സൈനികാശ്വഖുരോദ്ധൂതം
പൊടിതൻ പടലത്തിനാൽ
ആകാശമണ്ഡലം മൂടി;
കാർക്കാലം മാറിനിന്നുതെ. ൨൩

രാജധാനിയിലെന്നോണം
രാജ്യത്തിൽ സർവ്വദിക്കിലും
തിരുനാൾ മഹമാഘോഷി-
ച്ചുന്നുസന്തുഷ്ടരായ്ജനം. ൨൪

ഓണംകേറാത്തമൂലയ്ക്കും
കാണാറായ് തിരുനാൾമഹം;
മാവേലിയാരു, ഭൂകല്പ-
തരുവാം തിരുമേനിയാർ! ൨൫

കുളിച്ചണിഞ്ഞാ ഗ്രാമീണർ
ഭസ്മചന്ദന പുണ്ഡ്രകം,
തളിച്ചോരു തളത്തിന്മേൽ
നിലദീപങ്ങൾ വച്ചഥ. ൨൬

നിറനാഴികൾ, വിഘ്നേശ-
പൂജാദ്രവ്യങ്ങളീവക
ഒരുക്കി, ഗ്ഗന്ധധൂപത്താ-
ലർച്ചനംചെയ്തു സാദരം. ൨൭

ഭജനസ്തവഗാനങ്ങൾ
ചൊല്ലിത്തങ്ങടെ തമ്പുരാൻ
ആകല്പം വാഴവാൻവേണ്ടി-
യൎത്ഥിച്ചു ഭഗവാനൊടായ്. (വിശേഷകം) ൨൮

അന്നദാനങ്ങ,ളഗതി-
വൎഗ്ഗങ്ങൾക്കവർ ചെയ്തതെ;
ബാലികാബാലരെക്കൂട്ടി-
പ്പായസക്കഞ്ഞി നൽകിനാർ. ൨൯

കൊടിയും, കുടയും, നാഗ-
സ്വരവാദ്യവുമൊത്തവർ
വഞ്ചിക്കളി മഹാഘോഷം
നടത്തിച്ചരിതാൎത്ഥരായ്. ൯൦

അലങ്കരിച്ച ചപ്രത്തിൽ
പിന്നെ ബ്ഭൂപതി തൻപടം
എഴുന്നള്ളിച്ചുകൊണ്ടുള്ള
ഘോഷയാത്ര തുടൎന്നതെ. ൯൧

ബാൻറു, നാഗസ്വരം, ചെണ്ട-
വാദ്യമെന്നിവ മിശ്രമായ്
മുഴങ്ങി; ജയഘോഷങ്ങൾ
ജയിച്ചവയെ നിൎഭരം. ൯൨

തുത്തൊരുക്കിയ മാൎഗ്ഗം തൻ-
പാൎശ്വങ്ങളിൽ വധൂജനം
എഴുന്നള്ളത്തിനെത്താല-
പ്പൊലിയോടെതിരേററുതെ. ൯൩

തമ്പുരാൻതന്നെയെഴുന്ന-
ള്ളുകയാമെന്നഭാവന
കൈക്കൊണ്ടു ഭക്തിയാൽ ചപ്രം
നോക്കിക്കുമ്പിട്ടു വൃദ്ധരും. ൯൪

പ്രൌഢനാരികൾ കീൎത്തിച്ചു
കുരവക്കുരളാൽ സ്വയം
എഴുന്നള്ളത്തു; വാദ്യങ്ങ-
ളൊന്നുംവെല്ലാത്ത രീതിയിൽ. ൯൫

ഗ്രാമമാൎഗ്ഗത്തിൽ നിന്നിട്ട-
ക്കേരിത്തെ തരുണീജനം
എതിരേററീശനെക്കേര-
പൂൎണ്ണകുംഭങ്ങളോടുടൻ. ൩൬

എഴുന്നള്ളത്തു പാടങ്ങൾ-
തന്നിലൂടെ കടക്കവെ,
കതിർക്കുലകളാൽ നീളെ-
പ്പറവെച്ചുന്നപൂൎണ്ണയാൾ. ൩൭

വാദ്യം മുഴങ്ങാത്തവായു-
മണ്ഡലം വഞ്ചിഭൂമിയിൽ
ഇല്ലായിരുന്നന്നുതനം,
വെടികേൾക്കാത്ത കൎണ്ണവും. ൩൮

അകാലപുഷ്പിതക്കൊച്ചു-
വാകവൃക്ഷപ്രതതിയെ
വിതിൎത്തപട്ടുക്കുടക-
ളുദിപ്പിക്കാത്ത നേത്രവും, ൩൯

മൃഷ്ടാന്നഭോജനംകൊണ്ടു
തുഷ്ടനാകാത്ത ഭിക്ഷുവും
നാട്ടിലന്നങ്ങൊരേടത്തും
തിട്ടം,മില്ലായിരുന്നുതെ. (യുഗ്മം) ൪൦

# ക്ഷേത്രപ്രവേശനവിളംബരം.

അന്നല്ലോ വിശ്വവിഖ്യാതം
ക്ഷേത്രവേശവിളംബരം
തുല്യംചാൎത്തിയതീചൈത്ര-
ബുദ്ധൻ തൃക്കൈയിനാൽ സ്വയം! ൪൧

അന്നല്ലോ താമസശ്രേഷ്ഠ-
നരകാസുരനെപ്പുരാ,
ശ്രീകൃഷ്ണഭഗവാൻ കൊന്ന-
ദിനം ദീപാവലീസ്മൃതം! ൪൨

വിളംബരാശുഗംകൊണ്ടു
വിളംബംവിട്ടുഭൂവരൻ
ജാതിരാക്ഷസനെക്കൊന്നു
ജന്മഹാനിയണച്ചതെ! ൪൩

രാജഭക്തിയതാം രക്ഷാ-
കവചംപൂണ്ടു തൻപ്രജ,
പരമാനന്ദ പാഥോധി-
തന്നിൽ നീന്തിക്കളിക്കവേ, ൪൪

ഈവിളംബരമായീടും
പ്രവാഹത്താൽ പ്രജാളിയെ
ഒഴുക്കിയൊരുമിച്ചാക്കി,
മതാത്മാവായതമ്പുരാൻ! (യുഗ്മം) ൪൫

ഈതിബാധകളെന്നുള്ള-
ത്തേതുമേശാതെ വഞ്ചിയിൽ
സൎവ്വഭാഗ്യങ്ങളും ചേൎന്നു
ജനം സന്തുഷ്ടിയാളുവേ, ൪൬

ശക്കരപ്പന്തലിൽ പൂന്തേൻ
മാരി പെയ്യു കണക്കിനെ
ക്ഷേത്രപ്രവേശാനുവാദ-
വിളംബരമിതായിതേ! (യുഗ്മം) ൪൭

ആയിരത്തിയൊരുന്നൂററി-
പ്പന്ത്രണ്ടാം കൊല്ലവൎഷമേ,
ഭൂവിൽ സ്വൎഗ്ഗം പണിഞ്ഞോരു
യുഗാരംഭം തുടങ്ങി നീ. ൪൮

പീയൂഷധാര വൎഷിക്കു-
മത്തുലാമാസമേ, ജയ!
പാരിൽ സ്വൎഗ്ഗം പണിഞ്ഞോരു
വൎഷാരംഭം തുടങ്ങി നീ. ൪൯

ബാലരാമാവതാരത്താൽ
ശ്രീലയാം ചിത്തിരേ, ജയ!
പാരിൽ സ്വൎഗ്ഗം പണിഞ്ഞോരു-
താരാരംഭം തുടങ്ങി നീ. ൫൦

ശ്രീ ബാലരാമരാട്ടല്ലോ
ഹാ! യഥാൎത്ഥമഹാബലി;
ഇനിക്കേരളരാജ്യത്തി-
ന്നോണം ചിത്തിരതന്നെയാം. ൫൧

# വിളംബരമാഹാത്മ്യം.

അന്തണർക്കൊപ്പമായ്നിന്നാ-
ഞ്ജലിചെയ്തു കൃതാർത്ഥരായ്
അവർണ്ണരാം ഹൈന്ദവന്മാർ
ഭജിപ്പൂതമ്പലങ്ങളിൽ! ൧൨

കൊല്ലം രണ്ടായിരത്തഞ്ഞൂ-
ററമ്പതിൽ പരമായിതെ
ഈ സമത്വപ്രകാശപ്പൊൻ-
കതിരേററിട്ടു ദീനിതർ! ൧൩

ഇന്നലെത്തീണ്ട, ലസ്പൃഷ്ടി-
യിവയാലെ യകന്നവർ
ഇന്നീ വിളംബരം മൂല-
മൊന്നായ്ത്തീർന്നെന്തൊരത്ഭുതം! ൧൪

ഒററക്കല്പനയാലൊററ-
ദ്ദിനംകൊണ്ടു മഹീപതി,
നമ്പൂരിയും പുലയനും
സമരെന്നാക്കി സാത്വികൻ! ൧൫

ദേഹശുദ്ധി, മനഃശുദ്ധി-,
യാത്മസംതൃപ്തി യെന്നിവ
ഈ വിളംബരമർപ്പിപ്പൂ!
ഹൈന്ദവന്മാരിലൊക്കെയും. ൧൬

മതം മാറീടുവാനോങ്ങി-
നിന്ന ദുഃഖിതരൊക്കെയും
പിൻവാങ്ങി; മതമാററത്തിൻ-
ധ്വനിയിന്ത്യയെ വിട്ടതെ! ൯൭

സാഹോദര്യം സമത്വം, സ്വാ-
തന്ത്ര്യമെന്നിവ ഹൈന്ദവർ
സ്വദിച്ചു മതമാതാവിൻ-
വക്ഷസ്സിൽ തല ചായ്ച്ചുയായ്! ൯൮

അസ്വാതന്ത്ര്യത്തിനാലന്യ-
മതലംബികളായവർ
തിരിച്ചുവന്നു കൂപ്പുന്നീ-
സ്വമതാംബിക തൻകഴൽ. ൯൯

ചിന്താമൃതം മഹാകാവ്യ-
മാത്മസന്തൎപ്പണപ്രദം
വിളംബരമിതോൎക്കമ്പോൾ;
ഭാരതം ഭാഗ്യപൂൎണ്ണമായ്! ൱൦

വഞ്ചിതൻ "ധൎമ്മരാജ്യാ"ഖ്യ
പുനഃസ്ഥാപിതമായിതാ!
പുകഴ്ത്തുന്നതിന്നേ മൂന്നു-
ലോകത്തും രാമരാജ്യമായ്! ൱൧

തീൎത്ഥാടനംചെയ്തുവന്നു
മഹാത്മാ ഗാന്ധിക്കൂടിയും
ക്ഷേത്രത്തിൽകയറിക്കൂപ്പാ-
നിടയാക്കിവിളംബരം! ൱൨

ജഗത്തിലാകെയാനന്ദ-
ക്കുളിർപ്പുളകകഞ്ചുകം
അണിയിപ്പിച്ചിതാത്മീയ-
ചക്രവർത്തിവിളംബരം! ൩൩

"വഞ്ചിയെങ്ങോട്ടഹോ! വഞ്ചി-
യെങ്ങോട്ടെ"ന്നത്ഭുതത്തോടേ
ഭൂലോകദൃഷ്ടിയീ ധർമ്മ-
ഭൂവിലേയ്ക്കു പതിഞ്ഞുതേ! ൩൪

"വഞ്ചിനാകത്തിലോ, നാകം
വഞ്ചിതൻ മാറിടത്തിലോ?"
എന്നുശങ്കിക്കയായ് സർവ്വ
ഭൂഖണ്ഡങ്ങൾ സവിസ്മയം. ൩൫

ചെയ്യേണ്ടതൊന്നേ ചെയ്തുള്ളു
ചൈത്രബുദ്ധമഹാനൃപൻ,
അതിനാൽ ലോകമിന്നേത്ര-
പൊങ്ങി സ്വർഗ്ഗത്തൊടൊപ്പമായ്! ൩൬

~~~~~~

## അനുമോദനങ്ങൾ

വഞ്ചിവാസികൾ തൻസ്വപ്നം
സഫലീകൃതമാകവേ,
അഞ്ചിതാനന്ദമനുമോ-
ദിച്ചു ലോകം ജനേശനെ. ൩൭
~~~~~~

തിരുനാൾ സുദിനാഘോഷ-
വിരാമനിമിഷംശുഭം
വിളംബരാനുമോദത്തിൻ-
പ്രാരംഭസുമുഹൂർത്തമായ്! ൩൮

സനാതനമതത്തുണം,
യാഥാസ്ഥിതികപീഠവും,
പ്രതിധ്വനിപ്പിക്കയായി
ചൈത്രബുദ്ധാനുമോദനം! ൩൯

യൂറോപ്പ്,മേരിക്ക, ജപ്പാൻ,
സിലോൺ,മലയ,ബർമ്മയും
അനുമോദിച്ചു വസുധാ-
നാഥകല്പദ്രുമത്തിനെ. ൪൦

ദൂരശ്രവണിയൂടേ, പി-
ന്നുച്ചശ്രവണിയൂടെയും,
കമ്പിമാർഗ്ഗേണ, യാക്കമ്പി-
യില്ലാക്കമ്പിയിലൂടെയും, ൪൧

പ്രസംഗമണ്ഡപത്തുടെ
വാർത്താപത്രങ്ങളൂടെയും
അനുമോദനസന്ദേശം
പ്രവഹിച്ചു നിരർഗ്ഗളം. (യുഗ്മം) ൪൨.

അഹോ, ദിഗന്തരാളാഭ്ര-
ചക്രവാളധ്രുവങ്ങളിൽ
മാറെറാലിക്കൊണ്ടു മായാത്തൊ-
രാത്മലോകം സൃജിച്ചു ഹാ! ൪൩

ആചന്ദ്രതാരമവസാ-
നിച്ചിടാത്തനുമോദനം
ലോകം തുടൎന്നുപോകുന്നു;
ജയിപ്പൂ! വഞ്ചിവല്ലഭൻ. ൧൪

സൎവ്വസാമന്തഭൂപൎക്കും
മതസംസ്കാരവൃത്തിയിൽ
മാതൃകാപുരുഷൻ—മാൎഗ്ഗ—
ദൎശി—യിത്തിരുമേനിതാൻ. ൧൫

"ഭാരതത്തിൻ പരിത്രാതാ-
വാ,ത്മസാമ്രാജ്യനായകൻ,
ശ്രീബുദ്ധ"നേവമീലോകം
തമ്പുരാനെ സ്തുതിക്കയായ്! ൧൬

ഈസ്തുതിക്കൎഹരാകാതായ്
നിജരാജാക്കളെന്നതിൽ
അഭ്യസൂയിച്ചുമററുള്ള
രാജ്യവാസികളൊക്കെയും, ൧൭

"ഞാൻ ഭൂപനെങ്കിലോ ഞെട്ട-
മായിരുന്നീവിളംബരം
പ്രഖ്യാപനം ചെയ്യുവാൻ" എ-
ന്നനുമോദിച്ചു ഗാന്ധിജി! ൧൮

ആനുമോദനയോഗങ്ങൾ,
ഘോഷയാത്രകളെന്നിവ
വൎണ്ണിക്കുവാനശക്തം പൊൻ-
മഷിതോരാത്ത പേനയും. ൧൯

മദീയാശക്തിയിത്തവ്വിൽ
ഞാനറിഞ്ഞുകഴിഞ്ഞുതേ
ക്ഷമിപ്പിൻ! ലോകമേ,യെൻെറ
കവികീർത്തി ദുരാഗ്രഹം. ൨൦

ഇതിനൊക്കെയുമിന്നാദി-
മൂലമായ് സ്തുതയായിതെ,
അമ്മറാണി, പ്രജാപുണ്യ-
പൂരം മൂർത്തീകരിച്ച മാ! ൨൧

വിളംബരവിധിക്കാര്യ-
മന്ത്രിധർമ്മം വഹിക്കയാൽ
സചിവോത്തമനാം രാമ-
സ്വാമിവിപ്രേശനും സ്തുതൻ! ൨൨

## സ്മാരകങ്ങൾ.

ക്ഷേത്രങ്ങളവശന്മാർക്കായ്
തുറന്ന കരുണാനിധി
ക്ഷേത്രജ്ഞനായിതേ കർമ്മ-
ക്ഷേത്രത്തിന്നൊന്നതോർക്കുവാൻ, ൨൩

യുഗാന്താവധിയക്കൃത്യം
നരവംശം സ്മരിക്കുവാൻ,
ചിത്രാപദാനോദന്തങ്ങൾ
കൃതീന്ദ്രർ വിരചിക്കുവാൻ, ൨൪

മദ്രാഖ്യമാം പുരിയിലും
സ്യാനന്തൂരപുരത്തുമായ്
ജനങ്ങൾ നിശ്ചയംചെയ്തു
ചൈത്രപ്രതിമവയ്ക്കുവാൻ. (വിശേഷകം) ൮൫

എത്രകോടി ജനത്തിന്റെ
ഹൃദയാംഭോരുഹങ്ങളിൽ
വിലസിടുന്നതേ ചൈത്ര
വിഗ്രഹം സുപ്രതിഷ്ഠിതം! ൮൬

കാലംചെല്ലുമ്പൊഴവയി-
ലോരോന്നും "സ്റ്റാറ്റ്യൂ"വായിടാം;
ഉണ്ടത്രയ്ക്കാദരം മർത്ത്യ-
ക്കിപ്പൊന്നുതിരുമേനിയിൽ. ൮൭

വിളംബരം തുറന്നിപ്പോൾ
ഹൈന്ദവക്കമ്പലങ്ങളെ
ഇനിസ്സർവ മതസ്ഥർക്കും
ക്ഷേത്രങ്ങൾ പണിയുന്നതു്. ൮൮

അവയ്ക്കോരോന്നിനും ചൈത്ര-
പ്രതിമാലയ, മെന്നുപേർ;
എല്ലാമതസ്ഥരും യോജി-
ച്ചർച്ചിക്കുമവയിൽ സ്വയം. ൮൯

ജാതിഭേദങ്ങളോ, തെല്ലു,
മതവിദ്വേഷചിന്തയോ,
സ്പർശിച്ചിടാത്തതാം ശുദ്ധാ-
രാധനാഢ്യങ്ങളാണവ. ൯൦

സ്വാതന്ത്ര്യസമതാ സാഹോ-
ദര്യങ്ങളുടലേന്തിഹാ!
ലസിക്കുന്നൊന്നയാം ചൈത്ര-
പ്രതിമാലയമൊക്കെയും. ൯൧

ചൈത്രസ്മാരകമല്ലാത്ത-
പൊതുസ്ഥാപനമില്ലിനി;
"ചിത്രാ"നാമം സ്മരിക്കാത്ത-
ചെയ്തിയില്ലിനി വഞ്ചിയിൽ. ൯൨

## വഞ്ചീശമംഗളം.

വഞ്ചിവാസികളേ! ഭൂപ-
നസ്മൽപ്രത്യക്ഷദൈവതം
യുഗാന്താവധിവാണീടാ-
നത്ഥിക്കയൊരുമിച്ചുനാം. ൯൩

ധമ്മരാജ്യൈകസമ്പത്താം
ചൈത്രബുദ്ധന്നുമംഗളം!
സുമംഗളം മഹാത്മീയ-
ചക്രവത്തിക്കഭംഗുരം!! ൯൪

( ശുഭം )